# മലങ്കരസഭ

## മാസിക



''മലങ്കരയിലുള്ള
എല്ലാ ക്രൈസ്തവരും
ഉൾക്കൊള്ളുന്ന
മലങ്കര നസ്രാണികൾ,
ഒരു പിതാവിൻെറ
മക്കൾ, ഒന്നിച്ച് ഒന്നായി
വളരട്ടെ, പ്രവർത്തിക്കട്ടെ!''

. പ. കാതോലിക്കാബാവാ
നിലയ്ക്കൽ സഭൈക്യദിന
സമ്മേളനത്തിൽ.


1988
ഫെബ്രുവരി
ലക്കം 2
പുസ്തകം 43






ദേവലോകം ചാപ്പലിന്റെ കൂദാശമദ്ധ്യേ
പക്കോമിയോസ് മെത്രാപ്പോലീത്താ ചാപ്പലിന്റെ
ഭിത്തിയിൽ വി: മൂറോൻ അഭിഷേകം ചെയ്യുന്നു.




കോട്ടപ്പടി ചെമ്മണ്ണൂർ ഡേവിഡ്സൺ മെമ്മോറിയൽ ഹോസ്പിററൽ
മാർ ഒസ്താത്തിയോസ് തിരുമേനി ഉത്ഘാടനം ചെയ്യുന്നു.
സമീപം നിൽക്കുന്നതു് അഡ്വ: പി. സി. മാത്യു.




# മലങ്കരസഭ

10-2-1988

# വലിയ നോമ്പ്

## പ. ബാവാ തിരുമനസ്സിലെ കല്പന

പ്രിയരെ,

നമ്മുടെ സഭ വളരെ ഭക്ത്യാദരപുരസരം ആചരിച്ചുവരുന്ന വലിയനോമ്പ് ഈ വർഷം ഫെബ്രുവരി മാസം 15-ാം തീയതി ആരംഭിക്കുകയാണല്ലൊ. സഭയുടെയും സഭാംഗങ്ങളുടെയും ആദ്ധ്യാത്മിക ശക്തിയും ഓജസ്സും വീണ്ടെടുക്കുവാനുള്ള ഏററവും പ്രധാന മാർഗ്ഗമാണ് വിശുദ്ധ നോമ്പ്. ആദ്യ മാതാപിതാക്കൾക്ക് സൃഷ്ടികർത്താവ് നൽകിയ നിയമമാണ് ഇത്. പഴയനിയമകാലത്ത് ജീവിച്ചിരുന്ന ദൈവമനുഷ്യരായ വിശ്വാസവീരന്മാർ ശക്തി കണ്ടെത്തുകയും ആദ്ധ്യാത്മികചൈതന്യം നിലനിർത്തുകയും ശത്രുക്കളെ ജയിക്കുകയും പൈശാചിക പ്രേരണകളെ കീഴടക്കുകയും ജീവിതനൈർമ്മല്യവും വിശുദ്ധിയും നിലനിർത്തുകയും ചെയ്തത് ഉപവാസത്തോടും പ്രാർത്ഥനയോടും കൂടിയ നോമ്പാചരണത്തിലൂടെയായിരുന്നു. മോശയും ഏലിയായും ദാനിയേലും തീച്ചൂളയിലെ മൂന്നു പൈതങ്ങളും ഇതിന് മാതൃകയാണ്. നമ്മുടെ കർത്താവ് ഉപവാസവും നോമ്പും നടത്തി ശത്രുവിനെ ജയിക്കുകയും തന്റെ അനുയായികൾക്ക് നോമ്പ് തോല്ക്കാത്ത ആയുധമായി നൽകുകയും ചെയ്തു. മണവാളൻ എടുക്കപ്പെടുമ്പോൾ നിങ്ങൾ ഉപവസിക്കുമെന്ന് നമ്മുടെ കർത്താവ് കല്പിച്ചു. അപ്രകാരം ശ്ലീഹന്മാർ പതിമൂന്നു ദിവസം ഉപവസിക്കുകയും ചെയ്തു. സ്വർഗ്ഗാരോഹണത്തിനുശേഷം കർത്താവിന്റെ ശിഷ്യന്മാരും തുടർന്ന് ആദിമ സഭയും ഉപവാസവും പ്രാർത്ഥനയും നോമ്പും ആത്മശക്തിയുടെ ഉറവിടമായി കണ്ടെത്തി. പൂർവ്വിക സഭാപിതാക്കന്മാരും ഇതേ മാർഗ്ഗം തന്നെ സ്വീകരിക്കുകയും അത് പിൻ

### ഈ ലക്കത്തിൽ


* പ. ബാവാ തിരുമനസ്സിലെ കല്പന
* 'പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി പുറപ്പെട്ടു പോകുന്നതല്ല'
* The Lone Ascent To Saintliness
* തെററിദ്ധാരണകൾ
* മലങ്കര നസ്രാണികളും ജാതിത്തലവന്മാരും
* സംശയങ്ങൾ ചോദിക്കുക
* ക്രൈസ്തവസഭകളും വേദപുസ്തകവും
* മൂസലിലെ ഒരു കല്യാണം
* മലങ്കരസഭയും നവീകരണക്കാരും
* പരിശുദ്ധ പാമ്പാടി തിരുമേനി
* പൊരുൾ തേടിയ ദിനങ്ങൾ
* സഭാവാർത്തകൾ
* ബൈബിൾപഠനം

തലമുറയ്ക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. നമ്മുടെ പരിശുദ്ധ പിതാവായ പരുമല തിരുമേനി ശക്തിപ്രാപിച്ചതും നോമ്പിലും പ്രാർത്ഥനയിലും ഉപവാസത്തിലും കൂടിയാണ്.

പ്രിയരെ, ആധുനിക കാലത്ത് നോമ്പ് അതിന്റെ ചിട്ടകളെല്ലാം കൃത്യമായി പാലിച്ചുകൊണ്ട് നോൽക്കുന്ന കാര്യത്തിൽ സഭാംഗങ്ങൾ വളരെ ഉദാസീനതയും വിരസതയും കാണിക്കുന്നുണ്ട്. തന്മൂലം നമ്മുടെ അദ്ധ്യാത്മിക ചൈതന്യവും ധാർമ്മികമൂല്യങ്ങളും ചോർന്നു പൊയ്ക്കൊണ്ടിരിക്കുന്നു എന്നുള്ളതും തർക്കമററ സംഗതിയാണ്. ഈ പ്രവണത തുടരുകയാണെങ്കിൽ വരും തലമുറയുടെയും സഭയുടെതന്നെയും ഭാവി ഇരുളടഞ്ഞതായിരിക്കുമെന്നുള്ളതിന് സംശയമില്ല. ആയതുകൊണ്ട് നാശത്തിലേക്കും അധ:പതനത്തിലേക്കും അതിവേഗം ഓടിക്കൊണ്ടിരിക്കുന്ന പ്രവണതയെ പിടിച്ചുനിർത്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആദ്ധ്യാത്മിക ചൈതന്യവും ധാർമ്മീക മൂല്യങ്ങളും വീണ്ടെടുക്കുവാൻ സംഗതിയാകുമാറ് നമ്മുടെ കർത്താവ് ആചരിച്ചു കാണിച്ചുതന്നിട്ടുള്ളതും കർത്താവിന്റെ ശിഷ്യന്മാരും പിന്നീട് പൂർവ്വീക സഭാപിതാക്കന്മാരും തങ്ങളുടെ ജീവിതത്തിൽ വളരെ ശുഷ്കാന്തിയോടെ ആചരിച്ചിട്ടുള്ളതുമായ നോമ്പ് നാമെല്ലാവരും എല്ലാ വൃതനിഷ്ഠകളോടും കൂടി ആചരിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

നോമ്പുകാലങ്ങളിൽ, പ്രത്യേകിച്ച്, നിങ്ങളേവരും സത്യകുമ്പസാരം നടത്തി വി. കുർബാന അനുഭവിക്കണം. അതുപോലെതന്നെ ജീവിതത്തിൽ അച്ചടക്കവും നിഷ്ഠയും പാലിക്കുകയും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ശുഷ്കാന്തിയുള്ളവരായിരിക്കുകയും വേണം.

കൂടാതെ വലിയനോമ്പ് അവസാനിക്കുന്നതോടെ നമ്മുടെ കർത്താവിന്റെ ഓശാനപ്പെരുന്നാൾ, തന്റെ പെസഹാ, കഷ്ടാനുഭവം, കുരിശുമരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം തുടങ്ങിയ രക്ഷാകര സംഭവങ്ങളിൽ ഭക്തിപൂർവ്വം നിങ്ങളെല്ലാവരും പങ്കാളികളായിത്തീരുകയും ചെയ്യണം. അങ്ങനെ നമ്മുടെ രക്ഷയുടെ അനുഭവങ്ങൾ കൂടുതൽ കൂടുതൽ പുഷ്ടി പ്രാപിച്ച് ശക്തിപ്പെടുവാൻ ഈ നോമ്പ് നിങ്ങൾക്കേവർക്കും സഹായകമായിത്തീരട്ടെ. ആയതിന് നമ്മോടുള്ള തന്റെ സ്നേഹത്താൽ മനുഷ്യനായിത്തീർന്ന് നോമ്പാലും കഷ്ടാനുഭവത്താലും നമ്മെ രക്ഷിച്ച നമ്മുടെ കർത്താവിന്റെ കൃപകളും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടി എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നേ. ആമ്മീൻ.

1988 ജനുവരി 21–ാം തീയതി കോട്ടയം കാതോലിക്കേററ് അരമനയിൽ നിന്ന്.



# 'പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി പുറപ്പെട്ടുപോകുന്നതല്ല' (വി. മത്താ. 17: 21 c)

## സി. ബേബി പന്തളം

വലിയ നോമ്പ് ആരംഭിക്കാൻ പോകുന്ന ഈ സന്ദർഭത്തിൽ, നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും, അത്യാവശ്യകതയെക്കുറിച്ചും ചിന്തിക്കുന്നതു് നല്ലതാണ്. അടുത്തകാലത്ത് നോമ്പനുഷ്ഠാനത്തിൽ ചില അയവുകൾ പ. സുന്നഹദോസ് അനുവദിച്ചതു് കൂടുതൽ ആളുകൾ നോമ്പ് ആചരണത്തിൽ ശ്രദ്ധിക്കുമെന്ന പ്രത്യാശയോടും അതിൽ ശ്രദ്ധിക്കണമെന്ന ആഗ്രഹത്തോടും കൂടെയാണ് എന്നാൽ ഈ സദുദ്ദേശം വേണ്ടവണ്ണം മനസ്സിലാക്കാതെ നോമ്പിന്റെ പ്രാധാന്യം കുറച്ചു കളഞ്ഞെന്ന് വിചാരിക്കുന്നവരുണ്ട്. അതിനാൽ നോമ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് എഴുതുകയാണ്.

നോമ്പിൽ വരുത്തിയിരിക്കുന്ന അയവുകൾ ഏവയെന്ന് പലർക്കും അറിഞ്ഞുകൂടാ. ആ അയവുകൾ അത്യാവശ്യക്കാർക്കാണെന്നുള്ളതും മനസ്സിലാക്കിയിട്ടില്ല. വലിയ നോമ്പിന്റെ ആദ്യത്തെയും അവസാനത്തെയും (പീഡാനുഭവാഴ്ച) ആഴ്ചകളും നോമ്പിലെ എല്ലാ ബുധനാഴ്ചയും വെള്ളിയാഴ്ചയും പൂർണ്ണമായി നോമ്പായി അനുഷ്ഠിക്കണം. മററു ദിവസങ്ങളിൽ പാൽ, മത്സ്യം ഇവ അനുവദിച്ചിട്ടുണ്ട്.

എന്നാൽ ഉപവാസമില്ലാത്ത നോമ്പ് യഥാർത്ഥ നോമ്പായി പരിഗണിക്കപ്പെടുന്നില്ലെന്നുള്ളതും അങ്ങനെയുള്ള നോമ്പ് വേണ്ടത്ര പ്രയോജനപ്പെടുന്നില്ലെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. ഉപവാസത്തോടു കൂടിയ നോമ്പ് ഏവർക്കും ആവശ്യമാണ്. പുരോഹിതന്മാർക്കും സന്യാസി സന്യാസിനിമാർക്കും മാത്രമല്ല അതു് വേണ്ടിയിരിക്കുന്നതു്, കാരണം ഒന്നൊഴിയാതെ ഏവരും വിശുദ്ധന്മാരായിത്തീരുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. വേദപുസ്തകവും സഭാചരിത്രവും പരിശോധിക്കുമ്പോൾ നോമ്പും വൃതനിഷ്ഠയും കൂടാതെ ആരും വിശുദ്ധരായി തീർന്നിട്ടില്ലെന്ന് കാണാം. നോമ്പാകുന്ന പുൽമാലിയിൽ മേഞ്ഞു്, തിരുവചന നീരുറവ കുടിച്ച്, ആത്മപുഷ്ടി പ്രാപിച്ചിട്ടുള്ളവരാണ് വിശുദ്ധന്മാരായി തീർന്നിട്ടുള്ളതു്. അവർ എല്ലാവരും നല്ല പ്രത്യാശയോടും മുഖപ്രസന്നതയോടും കൂടെ കടന്നുപോയി. അവരുടെ കാൽച്ചുവടുകൾ നാം പിന്തുടരേണ്ടിയിരിക്കുന്നു.

### a) നോമ്പിന്റെ ഉദാഹരണങ്ങൾ

1. നോമ്പാൽ മോശ തേജോമയനായി ദൈവത്തിൽ നിന്ന് കല്പനകൾ പ്രാപിച്ചു. ''അവൻ (മോശ) അവിടെ ഭക്ഷണം കഴിക്കാതെയും, വെള്ളം കുടിക്കാതെയും നാല്പതു പകലും നാല്പതു് രാവും യഹോവയോടുകൂടെ ആയിരുന്നു. യഹോവ പത്തുകല്പനകളാകുന്ന നിയമത്തിന്റെ വചനങ്ങളെ പലകയിൽ എഴുതിക്കൊടുത്തു. അവൻ തന്നോടരുളിച്ചെയ്തതു നിമിത്തം അയാളുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു എന്ന് മോശ സാക്ഷ്യത്തിന്റെ പലക രണ്ടും കയ്യിൽ പിടിച്ചുകൊണ്ട് സീനായ് പർവ്വതത്തിൽ നിന്നും ഇറങ്ങുമ്പോൾ അറിഞ്ഞില്ല. അഹറോനും യിസ്രായേൽ മക്കളെല്ലാവരും മോശയെ നോക്കിയപ്പോൾ അവന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിക്കുന്നതു് കണ്ടു. അതുകൊണ്ട് അവർ അവന്റെ അടുക്കൽ ചെല്ലുവാൻ ഭയപ്പെട്ടു (പുറ. 34:23–30).

2. നോമ്പാൽ ശമുവേൽ പ്രവാചകൻ പുരോഹിതനും ന്യായാധിപനുമായിത്തീർന്നു. ''അവർ മിസ്പയിൽ ഒന്നിച്ചു കൂടി വെള്ളം കോരി യഹോവായുടെ സന്നിധിയിൽ ഒഴിച്ച് ആ ദിവസം ഉപവസിച്ചു. ഞങ്ങൾ യഹോവയോടു പാപം ചെയ്തിരിക്കുന്നു എന്ന് അവിടെ വച്ച് പറഞ്ഞു. പിന്നെ ശമുവേൽ മിസ്പയിൽ വച്ച് യിസ്രായേൽ മക്കൾക്ക് ന്യായപാലനം ചെയ്തു'' (1 ശമു. 7:6) അനന്തരം ശത്രുക്കളുടെ മേൽ വലിയ ജയം ഉണ്ടായതായി നാം വായിക്കുന്നു.

3. നോമ്പാൽ ഏലിയ പ്രവാചകൻ കർമ്മേലിൽ അഗ്നി ഇറക്കുകയും യോർദ്ദാനക്കരെ വച്ച് അഗ്നിരഥത്തിൽ ആകാശത്തിലേക്ക് കയറുകയും ചെയ്തു. ''അവൻ (ഏലിയാ) എഴുന്നേററു തിന്നു കുടിച്ചു. ആ ആഹാരത്തിന്റെ ബലം കൊണ്ട് നാൽപതു രാവും നാൽപതു് പകലും ദൈവത്തിന്റെ പർവതമായ ഹോറേബോളം നടന്നു'' (1 രാജാ. 19:8) എന്ന് നാം വായിക്കുന്നു.

4. നോമ്പാൽ ഹനനിയാ മുതലായ മൂന്നു ബാലന്മാർ ദഹിച്ചുപോകാതെ തീയിൽ നടന്നു.

5. നോമ്പാൽ ദാനിയേൽ സിംഹങ്ങളുടെ പാറയെ അടച്ചു. ആ കാലത്ത് ദാനിയേലെന്ന ഞാൻ

മൂന്നു ആഴ്ചവട്ടം മുഴുവനും ദുഃഖിച്ചുകൊണ്ടിരുന്നു. കഴിയുവോളം ഞാൻ സ്വാദുഭോജനം നടത്തുകയോ മാംസവും വീഞ്ഞും ആസ്വദിക്കയോ ചെയ്തിട്ടില്ല. എണ്ണ തേച്ചിട്ടുമില്ല'' (ദാനി. 10:23) എന്നും ദാനിയേലിനെക്കുറിച്ച് നാം മറ്റൊരവസരത്തിൽ വായിക്കുന്നു.

6. നോമ്പാൽ എസ്തേർ രാജ്ഞിയും യഹൂദന്മാരും രാജാവിന്റെ പ്രീതി സമ്പാദിച്ചു.

7. ''എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും, ഉപവാസത്തോടും, കരച്ചിലോടും, വിലാപത്തോടും കൂടെ എങ്കലേക്കു തിരിയുവിൻ എന്ന് യഹോവായുടെ അരുളപ്പാട്. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിയുവിൻ. അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവനല്ലൊ. അവൻ അനർത്ഥത്തെക്കുറിച്ചു വിലപിക്കും (യോവേൽ 2:12–13) എന്ന് യോവേൽ പ്രവചനം പറഞ്ഞു.

8. യോനാ മത്സ്യത്തിന്റെ ഉദരത്തിൽ കിടന്ന് ഉപവസിച്ച് പ്രാർത്ഥിച്ചതിനാൽ മത്സ്യം അവനെ കരയിൽ ഛർദ്ദിച്ചു.

9. നോമ്പാൽ നിനവെ പട്ടണം ദൈവശിക്ഷയിൽ നിന്നും രക്ഷപെട്ടു.

10. നോമ്പാൽ യിരമ്യാവ് ചെളിക്കുണ്ടിൽ നിന്നും കരകയറി.

11. നോമ്പാൽ കന്യകമറിയാം ദിവ്യസന്ദേശം സ്വീകരിച്ച് ദൈവപുത്രന്റെ മാതാവായി.

12. നോമ്പാൽ വൃദ്ധനായ ശെമഓന് യേശുക്കുഞ്ഞിനെ കാണുവാൻ ഭാഗ്യമുണ്ടായി.

13. നോമ്പാൽ യോഹന്നാൻ സ്നാപകൻ മാനസാന്തര പ്രസംഗം നടത്തി അനേകരെ കർത്താവിങ്കലേക്ക് വഴി നടത്തി.

14. നോമ്പാൽ കർത്താവ് സാത്താനെ ജയിച്ചു. നോമ്പാലും പ്രാർത്ഥനയാലും ശ്ലീഹന്മാർക്ക് പരിശുദ്ധറൂഹാ ലഭിച്ചു.

15. നോമ്പാൽ ശ്ലീഹന്മാർക്ക് പരിശുദ്ധറൂഹായുടെ അരുളപ്പാടുണ്ടായി (അപ്പോ. 13:1–3)

16. നോമ്പാൽ വി. പൗലോസ് ആത്മസംയമനം നേടി. ''മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രെ ചെയ്യുന്നത്.'' (1 കൊരി. 9:27) എന്ന് അദ്ദേഹം പറയുന്നു. അദ്ദേഹം മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെടുകയും ചെയ്തു. (2 കൊരി. 12 : 1–4)

17. ജറുശലേമിലെ സഭയുടെ നോമ്പാലും പ്രാർത്ഥനയാലും വി. പത്രോസ് കാരാഗൃഹത്തിൽനിന്നും മോചനം പ്രാപിച്ചു.

18. നോമ്പാൽ നമ്മുടെ പിതാവായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി പരിശുദ്ധനായിത്തീർന്നു. തിരുമേനിയുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ അനേകർക്ക് അനുഗ്രഹം ലഭിക്കുകയും ചെയ്യുന്നു.

## b) നോമ്പുകൊണ്ടുള്ള പ്രയോജനങ്ങൾ

നോമ്പ് ശരീരത്തെ ആത്മാവിന് വിധേയമാക്കുന്ന വ്രതമാണ്. അത് ദൈവം ആദാമിന് കൊടുത്ത കൽപനയാണ്, നോമ്പ് യഹൂദസഭ അനുഷ്ഠിച്ചിരുന്നതും, നമ്മുടെ കർത്താവ് പാലിച്ചിരുന്നതും, പഠിപ്പിച്ചതും, വി. ശ്ലീഹന്മാർ അനുഷ്ഠിച്ചിരുന്നതുമാണ്. നോമ്പില്ലാത്ത മതം ദൈവസംസർഗ്ഗത്തിന് സഹായകരമല്ല.

നോമ്പ് പാപത്തെനീക്കി പുണ്യത്തെ വളർത്തുന്നു. അത് ദുർവികാരത്തെ നിയന്ത്രിച്ച് പരിപാകത ഉളവാക്കുന്നു, അഹങ്കാരത്തെ ഹനിച്ച് ക്ഷമയെ നൽകുന്നു, പിറുപിറുപ്പിനെ മാറ്റി ശാസനയെ സ്വീകരിക്കുന്നു, ദ്രവ്യാഗ്രഹത്തെ മാറ്റി ദാനധർമ്മത്തെ പരിശീലിപ്പിക്കുന്നു. അത് ശത്രുവായ ദുഷ്ടന്റെ നേരെ തോൽക്കാത്ത ആയുധമാകുന്നു. പാപരഹിതനായ ദൈവപുത്രൻ ഉപവസിച്ചെങ്കിൽ പാപികളായ നമുക്ക് നോമ്പ് എത്രയോ ആവശ്യമാകുന്നു. മണവാളൻ വിട്ടുപിരിയുന്ന കാലത്ത് ശിഷ്യന്മാർ ഉപവസിക്കുമെന്നും (വി. മർക്കോ. 2:20) ''പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി (സാത്താൻ) നീങ്ങിപ്പോകുകയില്ലെന്നും കർത്താവു പറഞ്ഞു.'' ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടെ ക്രൂശിച്ചിരിക്കുന്നു'' (ഗലാ. 5:24) എന്ന് വി. പൗലോസും പറയുന്നു.

## c) നോമ്പ് നോൽക്കേണ്ടതെങ്ങനെ?

പ്രാർത്ഥിക്കുന്നതും ഉപവസിക്കുന്നതും മനുഷ്യൻ നന്നാകുന്നതിനാണ്. ഉപവാസം പ്രാർത്ഥനയെ ശക്തീകരിക്കുന്നു. ദാനധർമ്മം ഉപവാസത്തെയും ശക്തീകരിക്കുന്നു. മനുഷ്യൻ അധർമ്മത്തിൽ തന്നെ തുടരുന്നെങ്കിൽ പ്രാർത്ഥനയും ഉപവാസവും നിഷ്ഫലമാകും. ഏശായ പ്രവാചകൻ ഈ സത്യം ശക്തിയായ ഭാഷയിൽ ഉറപ്പിച്ചു പറയുന്നുണ്ട്'' നിങ്ങൾ എത്ര തന്നെ പ്രാർത്ഥിച്ചാലും ഞാൻ കേൾക്കയില്ല. നിങ്ങളുടെ കൈ രക്തം കൊണ്ട് നിറഞ്ഞിരിക്കുന്നു. നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ. നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിൻ മുമ്പിൽ നിന്ന് നീക്കിക്കളവിൻ. തിന്മ ചെയ്യുന്നത് മതിയാക്കുവിൻ. നന്മ

(ശേഷം 27–ാം പേജിൽ)

# THE LONE ASCENT TO SAINTLINESS

## THE LEGACY OF MAR GEEVARGHESE DIONISIUS OF VATTASHERIL



At the outset, let it be stated that this writer has no special claim or mandate whatever, to pontificate on spiritual matters. My primary purpose in writing these lines, is to share with those who feel compelled to voice their filial homage to the memory of this great and noble soul.

His Grace Mar Dionisius, by any yard-stick, was not an ordinary man. His Grace's stewardship of the Malankara Church, during one of its most eventful periods in history, shall be remembered by all those who value freedom and justice in the con-

(BARRISTER M. MATHEW PHILIP)

text of our church life. Indeed it has occurred to this writer that, had this noble prelate been in the main stream of Indian

political life in the early part of the present century, His Grace would in all probability have endeared himself to millions of Indian people as an outstanding champion of freedom. Indeed his selfless vindication of truth and justice, would have earned the metroplitan the reputation of a statesman, of the order of G. K. Gokhale, Mahatma Gandhi and Pundit Nehru. Providence had of course willed a somewhat different role for His Grace in the service of the Church. From the secular point of view, it was a much less dazzling role, materially unrewarding, very often a thankless task in the eyes of the world. The Cross His Grace had to carry was a heavy one. It brought, from time to time, dark hours of introspection and bitterness, borne out of others' breach of faith and ingratitude. Resolute of his goal and unmindful of the tortures on the upward trail, His grace progressed, holding up the lamp of truth and justice to the distant summit of heavenly promise.

Barring a handful of people who knew the metroplitan at close quarters, the rest of his contemporaries are no longer alive with us. Alas, a good many people belonging to the present generation, are ignorant of the momentous times when Mar Dionisius was the Malankara Metropolitan. The sadness of it all today, is that a plastic society, which has come into being, has lost its essential moorings, concerned only in the avid search for quick money. No wonder why many of this generation are apathetic to the past, caught up as they are in the chase of imitation Christianity. There are quite a few jesting pilates and "wet blankets" amongst them, making a virtue of studied indifference in matters of value.

The Roman Catholic Church affirms the propriety and legitimacy of declaring men and women of proved sanctity "by raising them to the altar". A long process of investigation precedes "the ex-cathedra" pronouncement by the Pope in this regard. Tracing the annals of the Church, both of the East and the West, we find the Church calendars replete with the names of men and women, who are honoured as saints. Although the Eastern Churches have no formal canonisation of persons as saints during the past few centuries, they do revere individuals who are popularly accepted as having saintly qualities. There is a serious lacuna in this method of recognising saintly people by popular assent. Parochial and regional factors may override other considerations. Evidence of heresy, schism and other doctrinal deviation may be raised in the case of earlier saints who belong to one Church as against the other.

The Catholic Church in its anxiety to provide guidelines to the faithful, consider it imperative to declare virtuous individuals as saints. Some critics have come out with the view that since saintliness is a very rare commodity in life, any attempt to designate someone as saint is an exercise in futility. It must be remembered that saintliness is not to be taken to mean immaculateness. There are scores of people in the Church calendar, recognised as saints, who have had an unholy or unchristian past. The malefactor who was crucified on the right side of our Lord is a case in point. Mary Magdalene according to traditions was a sinner till she was rescued out of her sinful ways by Christ Himself. St. Paul, prior to his conversion, was instrumental in the killing of innocent Christian men and women. God's grace was such that he was miraculously drawn out of his evil ways, to be the foremost apostle of Christendom. Consider the case of St.



Augustine, who by his own confession was a pronounced sinner. The Christian view, we are told, is that salvation and indeed saintliness, are God's grace to His chosen ones.

Judging from the lives of saints in past, the Church Militant looks upon saintly virtues as consisting of one or more aspects of the heroic qualities in the person concerned. What are these qualities? The late Martin Luther King Jr. is credited to have pin-pointed that suffering, especially vicarious suffering, is redemptive. The unremitted willingness to suffer for the Cross of Christ, is held to be a heroic virtue. The unflinching courage in the face of physical suffering and humiliation on the part of martyr-like people, is evidence of their superior virtues. The clarity of a moral objective and the willingness to surrender everything for the attainment of it, calls for a high degree of heroic virtue. St. Paul narrates in II Corinthians, Chapt. XI verses 23 to 33, the extent of privation that he had to brave for the cause of Christ. Another virtue reckoned as heroic is the utter absence of hypocrisy and cant. Our Lord characterised hypocrisy and cant as the besetting sins of the Pharisees.

Where there is moral courage to stand up for a cause, there should be a corresponding willingness to forgive and forget, especially the blatant wrong-doer. Loving your adversary and resisting the evil in him, is the hall-mark of saintliness. Sir Winston Churchill, in one of his remarkable utterances, has referred to the responses of a righteous nation, as consisting of determination in the face of reverses, courage in the face of defeat, and magnaimity in the face of victory.

This writer would like to consider the aforesaid and other parallel virtues, in relation to the life of Mar Dionisius. This writer is amazed at the supreme extent to which His Grace had exhibited these superior qualities in his personal life and in his interaction with others. The one hard fact about our metropolitan was that his was never a cloistered life, wholly confined to the daily rounds of a recluse. Whilst fasting, and attending to the timely prayers and other conventional practices of a churchman, the pastoral functions as head of the Malankara Church, took him to different situations and tricky circumstances. The metropolitan had to deal with many secular matters which entailed conciliations, parleys, confrontation and full scale litigation. His Grace had to meet all manner of people, and even at the risk of being misunderstood, he took decisions with clarity and firmness, whilst all the time keeping in view, his genuine concern for truth and fairmindedness. At the peak of the continuing difficulties with the Patriarch, His Grace had to suffer the humiliations of an unjust ex-communication order, which was later declared contrary to natural justice. Victory in the litigation proceedings, did not make him haughty or vindictive. In his great concern for peace and understanding with Antioch, His Grace undertook a hazardous journey across the Middle East countries, then ravaged by internal unrest and brigandage.

Earlier in the anxious and saintlike concern for bringing about amity and peace, His Grace on two specific occasions openly offered to lay down the high office of Malankara Metropolitan. The entire Church representatives stood up as one and appealed to His Grace not to think of resignation, but to stay on and guide the destinies of the Church. The meticulous stewardship of the Church

funds and the care and administrative acumen manifested throughout his life over the various institutional undertakings, mark His Grace as an outstanding churchman. His Grace looked upon money and other property interests as God's trust, placed in his hands. Throughout his life, the whole concern of His Grace was the good of the Church and never his own glory. Like the Mahatmas the metropolitan followed a rigid spartan life. Those who came close to him knew how His Grace abjured pomp and display of any kind. His Grace sternly reprimanded those who made an exhibition of false piety. Hypocrisy was totally alien to the metropolitan. The dietary habits of His Grace were such that he practically avoided rich food of any kind. Apart from the official lent days and days of fasting, very often he was content with just one principal meal a day. In the silent hours of the night, within the closed doors of his room, the metropolitan spent long hours every day in prayers and meditation.

Of the erudition and wisdom of the metropolitan, we have heard and read so much. His Grace was a great scholar and Malpan in Syriac language. He had great linguistic ability and his power of repartee was tested to the full extent during the many legal encounters when His Grace had to appear in judicial proceedings. His memory power was phenomenal. In the busy run of his daily rountine, His Grace found time to write, which included a major treatise on the faith of our Church.

There are people in our Church who build up shrines for every random Middle East churchman, who happens to die on our soil. Saintliness in their case is readily assumed by some of our more gullible people. This writer would like to see a little more discrimination in our people, to give recognition where it is due. The Church has certain obligations in this regard. Like in the Roman Catholic Church, the hierarchy ought to set certain guide lines, for the benefit of the clergy and laity.

It is now well over 56 years since the great metropolitan left the earthly scene. In venerating this great prelate, we are recognising a person of exceptional heroic virtues worthy of a saint. His Grace has indeed climbed the higher reaches of blessedness. May the memory of this great metropolitan be a source of inspiration and guidance to all of us, especially during times when our minds are baffled by uncertainty as to the next step to be taken.







# തെററിദ്ധാരണകൾ

## മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

തെററിദ്ധാരണ ഏറെക്കുറെ സകല മനുഷ്യരിലും സത്യസന്ധരിൽ പോലും ഉണ്ടാകുന്നു. ഇതിന്റെ തിക്തഫലങ്ങൾ നിരപരാധികൾ അനുഭവിക്കുന്നു. ഇതുകൊണ്ടുണ്ടാകുന്ന ദോഷങ്ങളെക്കുറിച്ചും, ഇവ എങ്ങനെ ഒഴിവാക്കാമെന്നും, നല്ല ധാരണകൾ എങ്ങനെ വളർത്താമെന്നും ചിന്തിക്കാം. ആദ്യം ചില ഉദാഹരണങ്ങൾ പരിശോധിക്കാം.

ശമുവേലിന്റെ മാതാവായ ഹന്ന മകനു് വേണ്ടി വളരെ കരഞ്ഞു പ്രാർത്ഥിച്ചപ്പോൾ ഏലി എന്ന പട്ടക്കാരൻ അവളെ തെററിദ്ധരിച്ചതായ വേദഭാഗം വളരെ ഹൃദയസ്പർശകമാണ്. ''ഹന്ന ഹൃദയം കൊണ്ടു് സംസാരിച്ചതിനാൽ അവളുടെ അധരം അനങ്ങിയതല്ലാതെ ശബ്ദം കേൾപ്പാനില്ലായിരുന്നു. ആകയാൽ അവൾക്കു് ലഹരി പിടിച്ചിരിക്കുന്നു എന്നു് ഏലിക്കു് തോന്നിപ്പോയി'' ഏലി അവളോടു് നീ എത്രത്തോളം ലഹരിപിടിച്ചിരിക്കും നിന്റെ വീഞ്ഞു് ഇറങ്ങട്ടെ എന്നു് പറഞ്ഞു'' (1 ശമു. 1:13–14) ഇവിടെ രണ്ടു പേരും നിരപരാധികളാണ്. എന്നാൽ തെററിദ്ധാരണയ്ക്കു് ഇടയായി. ഏലി ഹന്നായോടു സംസാരിക്കാൻ ഇടയായതുകൊണ്ടു് തെററിദ്ധാരണ മാറി. സംസാരിച്ചിട്ടില്ലായിരുന്നെങ്കിൽ ആ തെററിദ്ധാരണ അദ്ദേഹത്തിന്റെ മനസ്സിൽ തുടരുമായിരുന്നു. നമ്മിലും ഇതുപോലെയുള്ള തെററിദ്ധാരണകൾ ഉണ്ടാകുന്നില്ലേ? ആ തെററിദ്ധാരണകൾ വച്ചു് പെരുമാറുമ്പോൾ തെററിദ്ധാരണകൾ വർദ്ധിച്ചു് വർദ്ധിച്ചു് വലിയ വലിയ അനാസ്ഥകൾക്കും കലഹങ്ങൾക്കും അക്രമങ്ങൾക്കും ആത്മഹത്യയ്ക്കും ഇടയായെന്നും വരാം.

ഈ ലേഖനകർത്താവു് കഞ്ഞഴ ആശുപത്രിയിൽ ഒരു രോഗിയെ സന്ദർശിച്ചപ്പോൾ അയാളെ തെററിദ്ധരിക്കുവാനിടയായി. ആ മുറിയിൽ മററാരുമില്ലായിരുന്നു. രോഗി കണ്ണു തുറന്നു് കട്ടിലിൽ ഇരിക്കയായിരുന്നു. ഞാൻ അകത്തു് ചെന്നപ്പോൾ രോഗി ഒന്നു് തിരിഞ്ഞു് നോക്കുക പോലും ചെയ്തില്ല. ഇതൊരു അവഗണനയായി തോന്നി. വർത്തമാനം പറഞ്ഞപ്പോഴാണ് അറിഞ്ഞതു് അയാൾക്കു് കണ്ണിനു കാഴ്ചയില്ലെന്നു്. ഞാൻ അത്ഭുതപ്പെട്ടു. കാരണം, ആരു് കണ്ടാലും കണ്ണിനു് എന്തെങ്കിലും കുഴപ്പമുണ്ടെന്നു് തോന്നുകയില്ലായിരുന്നു. ഇതുപോലെ നാം എത്രയോ ആളുകളെ തെററിദ്ധരിക്കുന്നു എന്നു് ഞാൻ ചിന്തിച്ചു.

മലയാള മനോരമയിലെ ''ഇന്നത്തെ ചിന്തകളിൽ'' ഒരു കഥ പറഞ്ഞിരിക്കുന്നതു് ഇവിടെ സ്മരണീയമാണ്. ഒരാൾ പതിവു് വിട്ടു് ആഫീസിൽ നിന്നും വീട്ടിലേക്കു് വരികയായിരുന്നു. അപ്പോൾ പരിചയമില്ലാത്ത ഒരു യുവാവു വീട്ടിൽ നിന്നു് ഇറങ്ങി പോകുന്നതു് കണ്ടു ഇതെന്താണെന്നു് അദ്ദേഹം അത്ഭുതപ്പെട്ടതു് സ്വാഭാവികമാണ്. എന്നാൽ പിറേറ ദിവസമാണ് കാര്യം മനസ്സിലായതു് അദ്ദേഹത്തിന്റെ ജന്മദിനമായിരുന്നു പിറെറ ദിവസം. ഭർത്താവറിയാതെ ഒരു ജന്മദിന സമ്മാനം വാങ്ങി വച്ചു് രാവിലെ അതു് കൊടുക്കണമെന്നു് കരുതി സമ്മാനം കൊണ്ടു വരാൻ ഏർപ്പാടു ചെയ്തതനുസരിച്ചു് ആ സമ്മാനവുമായി വന്ന യുവാവിനെയാണ് കണ്ടതു്. ഇങ്ങനെ നല്ല ഉദ്ദേശത്തോടെ ചെയ്യുന്നതും ചിലപ്പോൾ തെററിദ്ധരിക്കപ്പെടുന്നു. അതേ സമയത്തു് തെററിദ്ധരിക്കപ്പെടുന്ന സാഹചര്യം കഴിയുന്നതും ഒഴിവാക്കേണ്ടതു് നമ്മുടെ കർത്തവ്യമാണ് അല്ലെങ്കിൽ ഗുണത്തിനു് പകരം ദോഷമായിരിക്കും ഫലം.

രണ്ടു് അദ്ധ്യാപികമാർ ഒരുമിച്ചു താമസിച്ചിരുന്നു. ഒരു ദിവസം അവർ താമസിച്ചിരുന്ന കെട്ടിടത്തിന്റെ വരാന്തയിൽ ഒരു സിഗററു കുററി കിടക്കുന്നതു് കണ്ടു. രണ്ടു സ്ത്രീകൾക്കും പരസ്പരം സംശയമായി' ഞാൻ ഇവിടെ ഇല്ലാതിരുന്നപ്പോൾ ഏതോ പുരുഷൻ ഇവിടെ വന്നതായിരിക്കണം എന്നിട്ടു് അവൾ എന്നോടു് അതു് പറഞ്ഞില്ലല്ലോ. ഇതിൽ എന്തോ പന്തികേടുണ്ടല്ലോ'' എന്നു് ആത്മഗതം ചെയ്തു. രണ്ടു പേരും ഇതുപോലെ ചിന്തിച്ചു. രണ്ടു ദിവസം കഴിഞ്ഞപ്പോഴാണ് സത്യാവസ്ഥ മനസ്സിലായതു്. ഒരു യുവാവു് അവർ രണ്ടു പേരുമുണ്ടായിരുന്നപ്പോൾ വന്നു് പറഞ്ഞു ''കഴിഞ്ഞ ആഴ്ച ഞാൻ ഇവിടെ വന്നിരുന്നു അപ്പോൾ നിങ്ങൾ രണ്ടു പേരും ഇവിടെ ഇല്ലായിരുന്നു.'' അപ്പോഴാണ് ആ സ്ത്രീകളുടെ തെററിദ്ധാരണ മാറിയതു്.

തെററിദ്ധാരണ കൊലപാതകത്തിനു് ഇടയാക്കിയ ഒരു സംഭവം കേട്ടിട്ടുണ്ടു്. ഒരാൾ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്കു് വിധേയനായി. ഇനി മക്കൾ ഉണ്ടാകയില്ലെന്നു് വിചാരിച്ചിരുന്നു. എന്നാൽ കുറെനാൾ കഴിഞ്ഞപ്പോൾ ഭാര്യ ഗർഭിണിയായി കാണപ്പെട്ടു. അപ്പോൾ അവൾ പാപിനിയാണെന്നു് നിശ്ച

യിച്ചു. അവളുടെ നിരപരാധിത്വം എത്ര പറഞ്ഞിട്ടും അയാൾ വിശ്വസിച്ചില്ല. അയാൾ ഭാര്യയെ കൊന്നുകളഞ്ഞു. എന്നാൽ മററുള്ളവരുടെ നിർബന്ധമനുസരിച്ച് ഒരു മെഡിക്കൽ ചെക്കപ്പ് നടത്തിയപ്പോഴാണ് അയാളുടെ ശസ്ത്രക്രിയ ഫലമല്ലായിരുന്നെന്ന് മനസ്സിലായതു്. അയാളുടെ ഭാര്യ നിരപരാധിയാണെന്ന് അപ്പോൾ മനസ്സിലായി. പക്ഷെ അവളെ കൊന്നതിനു് ശേഷം കുററബോധം വന്നിട്ടു പ്രയോജനമില്ലല്ലൊ. ഭാവിയിൽ ഇങ്ങനെയുള്ള ധാരണകൾ വരുമ്പോൾ എത്ര ഉത്തമ ബോദ്ധ്യം വന്നാലും, ആരെയും ഉപദ്രവിക്കയില്ലെന്ന ഒരു തീരുമാനത്തിലെത്തിച്ചേരാൻ ഈ സംഭവം ഇടയാക്കിയാൽ നന്നായിരിക്കും.

ഇന്ന് സാധാരണ ജീവിതത്തിൽ നാം പലരെയും തെററിദ്ധരിക്കാറുണ്ട്. സുഖക്കേടുമായി സഹായത്തിനു് വരുന്ന ആളെ ചിലപ്പോൾ നമ്മെ കളിപ്പിക്കാൻ വരുന്ന വഞ്ചകനായി തെററിദ്ധരിച്ചെന്നു് വരാം. അങ്ങനെ സഹായിക്കാതെ പോയെന്നു് വരാം. മററു ചിലർ യഥാർത്ഥത്തിൽ നമ്മെ കളിപ്പിച്ച് പണം വാങ്ങുന്നതിനായി രോഗവും മററും നടിച്ച് വരാറുണ്ട്. അവരുടെ അഭിനയമാണെന്നു മനസ്സിലാക്കാതെ നാം അവരെ സഹായിച്ചെന്നു വരാം.

മററുള്ളവരെ തെററിദ്ധരിക്കാതിരിക്കുന്നതിനുള്ള മാർഗ്ഗമെന്തു്? തെററിദ്ധാരണ വരാതിരിക്കുന്നതിനു് ചില മാർഗ്ഗങ്ങൾ ഉണ്ടെങ്കിലും തെററിദ്ധാരണ പൂർണ്ണമായി മാററുക സാദ്ധ്യമല്ല. ഒരാൾ നമ്മോടു് മററുള്ളവരെപററി ചില കുററങ്ങൾ പറയുന്നു എന്നു് സങ്കല്പിക്കുക. ആരെക്കുറിച്ച് കുററം പറയുന്നുവോ അയാളോടു് നമുക്കു് വെറുപ്പുണ്ടാകുന്നതിനുവേണ്ടി കരുതിക്കൂട്ടി പറയുന്നതാകാം. അതിനുവേണ്ടി അതിശയോക്തിപരമായി പലതും പറയും; ചിലപ്പോൾ വ്യാജമായും പറയും. ചിലർ സത്യസന്ധരാണെങ്കിലും അവർക്കു് തെററിദ്ധാരണയുണ്ടായി പറഞ്ഞെന്നുവരാം. മററുള്ളവർ പറഞ്ഞതു് സത്യമാണോ എന്നന്വേഷിക്കാതെ അവർ ഏററുപറയുന്നതായും വരാം. അതിനാൽ കേൾക്കുന്നതെല്ലാം വിശ്വസിക്കരുതു്. നാം നേരിട്ടു കാണുന്നതും കേൾക്കുന്നതും മാത്രം വച്ച് ചില നിഗമനങ്ങളിൽ ചെന്നുചേരുന്നതും ശരിയല്ല. കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കുമ്പോഴാണ് വ്യക്തമായ രൂപം ലഭിക്കുന്നതു്. നല്ല ഉദ്ദേശത്തോടെ ചെയ്യുന്നതുതന്നെ ചിലപ്പോൾ ചീത്ത ഉദ്ദേശത്തോടെ ആണെന്നു് തെററിദ്ധരിക്കുന്നു. നമ്മോടു് സ്നേഹത്തിന്റെ വാക്കുകൾ പറയുകയോ നമ്മെ സഹായിക്കുകയോ ചെയ്യാതിരിക്കുന്നതു്


## CENTURY AGENCY
## AMBASSADOR CORPORATION

**753 FRANKLIN AVENUE,**
**FRANKLIN SQUIRE, NEW YORK-11010.**
Phone; 516-872-2100

We are original builders of Parish Real Estate

Contact us for fast and profitable

Real Estate Transaction in the U.S.A.

Mortgage Money Available in any amount to all qualified buyers.

E. I. Abraham Omallur, M.B.A; G.R.I.




അവരുടെ സ്വന്തം പ്രശ്നങ്ങൾ മൂലമായിരിക്കാം. അതുപോലെ ചിലർ കുററക്കാരാണെന്ന് തെളിഞ്ഞിട്ടുണ്ടെങ്കിൽ അവർ എന്നും കുററക്കാരാണെന്നു് ധരിക്കുന്നതും ശരിയല്ല. നമ്മുടെ ഏതെങ്കിലും സാധനം മോഷണം പോയാൽ നാം അറിയുന്ന ഏതെങ്കിലും മോഷ്ടാവായിരിക്കാമെന്നു് പറയുന്നതും ശരിയല്ല. മററുള്ളവരിൽ എന്തെങ്കിലും കുററമുണ്ടെന്നു തോന്നിയാൽ ആരംഭത്തിലേ തുറന്നു പറഞ്ഞു് സംശയം മാററണം. ഇല്ലെങ്കിൽ സംശയങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കും.

നാം തെററിദ്ധരിക്കപ്പെടാതിരിക്കുന്നതിനും ശ്രമിക്കേണ്ടതാണ്. നമ്മുടെ ശ്രദ്ധക്കുറവുകൊണ്ടു് നമ്മെ തെററിദ്ധരിച്ചെന്നു വരരുതു്. 'പനയുടെ ചുവട്ടിൽ വച്ച് പാൽ കുടിച്ചാലും കള്ളുകുടിച്ചെന്നേ പറയൂ' എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. അതിനാൽ പനയുടെ ചുവട്ടിൽവച്ച് ഒന്നും കുടിക്കരുതു് എന്നു വയ്ക്കാമല്ലൊ.

പണം സംബന്ധിച്ച കാര്യങ്ങളിൽ തെററിദ്ധാരണയുണ്ടാകാതിരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മറവികൊണ്ടു് തെററു വരാതിരിക്കുന്നതിനു് പ്രത്യേകം ശ്രദ്ധിക്കണം. ഉദാഹരണമായി മറെറാരാളെ ഏല്പിക്കുന്നതിനു് നമ്മെ കുറെ പണം ആരെങ്കിലും ഏല്പിച്ചെന്നു വിചാരിക്കുക. ഡയറിയിൽ അതു് കുറിച്ചതിനുശേഷം മാത്രമേ പണം വാങ്ങിക്കാവൂ. ഡയറി നോക്കുമ്പോൾ അക്കാര്യം ഓർക്കാതിരിക്കയില്ല. ഭവനസന്ദർശനം നടത്തുമ്പോൾ ഭർത്താവില്ലാത്ത അവസരത്തിൽ ഭവനത്തിൽ കയറാതിരിക്കയാണ് നല്ലതു്. മററുള്ളവർ എന്തും വിചാരിക്കട്ടെ, ദൈവമുമ്പാകെ നന്നായി നടന്നാൽ മതിയെന്നു് പറയുന്നതു് ശരിയല്ല. നമ്മെ മനുഷ്യർ തെററിദ്ധരിച്ചാൽ നമ്മുടെ ഉപദേശത്തിനും മാതൃകയ്ക്കും ശക്തിയില്ലാതാകും.

തെററിദ്ധാരണ പറഞ്ഞുതീർക്കാൻ സാധിക്കാത്ത അവസരങ്ങളും ഉണ്ടാകും. അപ്പോൾ ദൈവത്തോടു് പ്രാർത്ഥിക്കുകയാണ് വേണ്ടതു്. ദൈവം ഏതെങ്കിലും സന്ദർഭത്തിൽ സത്യം വെളിപ്പെടുത്തും. നീതിമാനായ യൗസേപ്പ് കന്യകമറിയാമിനെ തെററിദ്ധരിച്ചെങ്കിലും പിന്നീടു് മാലാഖ യൗസേപ്പിനു് സത്യം വെളിപ്പെടുത്തിയപ്പോൾ തെററിദ്ധാരണ മാറി.

നമ്മുടെ ആത്മാർത്ഥമായ സ്നേഹം മററുള്ളവർ വേണ്ടവണ്ണം മനസ്സിലാക്കാതെ പോകുന്നതു് നമ്മുടെ കുററംകൊണ്ടുമാകാം. സ്നേഹത്തിന്റെ ചില പ്രകടനങ്ങൾ നമ്മിൽ കണ്ടില്ലെങ്കിൽ നമ്മിൽ സ്നേഹമില്ലെന്നു ധരിച്ചുപോകാവുന്നതാണ്. ഒരാൾ തന്റെ ഭാര്യയുടെ ആത്മാർത്ഥമായ സ്നേഹം വേണ്ടവണ്ണം മനസ്സിലാക്കിയില്ല. അയാൾ മറെറാരു സ്ത്രീയെ സ്നേഹിക്കാൻ തുടങ്ങി. കുറെക്കഴിഞ്ഞു് അയാൾ ഭാര്യയോടു് നേരിട്ടു പറഞ്ഞു, അവളെ ഉപേക്ഷിക്കാൻ നിശ്ചയിച്ചിരിക്കയാണെന്നു്. അപ്പോൾ അവളുടെ പെരുമാററത്തിന്റെ കുററംകൊണ്ടായിരിക്കാമെന്നു് കരുതി സ്വയം തിരുത്താൻ തീരുമാനിച്ചു. വിവാഹമോചനം നടത്താമെന്നും എന്നാൽ ഒരു വർഷം കാത്തിരിക്കണമെന്നും പറഞ്ഞു. പിറെറ ആണ്ടിൽ ആ തീയതിയിൽ വിവാഹമോചനം നടത്തണമെന്നു് ഡയറിയിൽ കുറിച്ചിടുകയും ചെയ്തു. അവൾ ഭർത്താവിനെ ആത്മാർത്ഥമായി സ്നേഹിക്കുന്നെന്നു് ഭർത്താവിനു് ബോദ്ധ്യം വരത്തക്കവണ്ണം പെരുമാറണമെന്നു് നിശ്ചയിച്ചു. ആ പെരുമാററം സ്വാഭാവികമായ പെരുമാററമാകുന്നതിനു് അവൾ ഒരു കാര്യം ചെയ്തു. ഭർത്താവിനെക്കുറിച്ച് അയാൾ അവളെ അങ്ങേയററം സ്നേഹിക്കുന്നെന്നും വാത്സല്യിക്കുന്നെന്നും സങ്കല്പിക്കാൻ തുടങ്ങി. ആ സങ്കല്പത്തിൽക്കൂടി അതിനനുസരണമായി സ്നേഹവാത്സല്യങ്ങളോടെ ഭർത്താവിനോടു പെരുമാറാൻ തുടങ്ങി. കുറെക്കഴിഞ്ഞപ്പോൾ ഭർത്താവ് തന്റെ ഭാര്യയെ കൂടുതലായി സ്നേഹിക്കുന്നതിനും മററവളെ ഉപേക്ഷിക്കുന്നതിനും ഇടയായി. ഒരു വർഷം കഴിഞ്ഞപ്പോൾ ഭാര്യ ഡയറി എടുത്തു് ഭർത്താവിനെ കാണിച്ചപ്പോൾ അയാൾ ആശ്ചര്യപ്പെട്ടു് പറഞ്ഞു: ഒരു കാരണവശാലും അയാൾ അവളെ ഉപേക്ഷിക്കയില്ലെന്നു്.

—•—


MAR BASELIOS
CHILDREN'S HOME

Mannapra (P.O.)

Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959–ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയിലെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾ മൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.

## രണ്ടാം ചരമവാർഷികം

18–2–1988



ബഥനി ആശ്രമാംഗവും കുന്നംകുളം ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ സ്ഥാപകനും, ആൻഡമാൻസ്, ആസ്സാം, നാഗാലാൻഡ് മുതലായി ഭാരതത്തിലെ വടക്കുകിഴക്കൻ ഇടവകകളുടെ വികാരിയായി സേവനമനുഷ്ഠിച്ച ദേഹവുമായ

**റവ. ഫാ. ഗീവർഗീസ് ഒ. ഐ. സി.**



**ഐതിഹ്യങ്ങളും ചരിത്രവും**

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

### മഹനായ ഒന്നാം മാർത്തോമ്മാ (തുടർച്ച)

**പറങ്കിപടയ്ക്കെതിരെ തുറന്ന യുദ്ധം**

കഠോരമായ ദണ്ഡനമുറകൾക്കുശേഷം ഗോവയിലെ അഗ്നിച്ചൂളയിൽ തന്റെ ശരീരം വെന്തെരിഞ്ഞു ചാമ്പലാകുന്നത് മനസ്സിൽ കണ്ടുകൊണ്ട് തോമ്മാ അർക്കദിയാക്കോൻ മാർത്തോമ്മാശ്ലീഹായുടെ ഭാരതസഭയെ പുനരുദ്ധരിക്കുവാൻ ജീവന്മരണ പോരാട്ടം നടത്തി.

കുറിപ്പ്:— മലങ്കര നസ്രാണികൾ ഒരു സമൂഹമെന്ന നിലയിൽ രൂപംകൊണ്ടതുമുതൽ ലോകത്തിലെ മററു വർഗ്ഗക്കാരായ ജനങ്ങളെപ്പോലെ നസ്രാണിജാതിക്കുണ്ടായ സർവ്വാധിപതികളായിരുന്ന, അഥവാ പാത്രിയർക്കീസന്മാരായിരുന്ന, നമ്മുടെ ജാതിത്തലവന്മാരായിരുന്ന, വേദത്തലവന്മാർ. അർക്കദിയാക്കോൻ എന്നതു ജാതിത്തലവനേക്കാൾ വളരെ വ്യത്യസ്തമായ സ്ഥാനമാണ്. അതു കേവലം പൗരോഹിത്യപരമായ ഒരു സ്ഥാനമാണ്. എന്നാൽ നസ്രാണി ജാതിത്തലവന്റെ സ്ഥാനാവകാശങ്ങൾ, വിപുലമായ അധികാരങ്ങൾ ഇവയെല്ലാം ജാതിക്കു കർത്തവ്യൻ അഥവാ വർഗ്ഗത്തലവൻ—പാത്രിയർക്ക്—എന്ന രാജപദവിയിലേക്ക് അവരെ ഉയർത്തുന്നു. ലോകത്ത് മറെറാരു ക്രിസ്തീയവിഭാഗത്തിലും മലങ്കര നസ്രാണി ജാതിത്തലവനെപ്പോലെ വിപുലാധികാരങ്ങളും സ്ഥാനമാനാദികളും അർക്കദിയാക്കോന്മാർക്കുണ്ടായിരുന്ന രീതിയിൽ ഉണ്ടായിരുന്നില്ല.

അതേ! അങ്ങനെ ജാതിക്കു പിതാവും പിതാവിനുള്ള സംരക്ഷണച്ചുമതലയും ഉണ്ടായിരുന്ന മലങ്കര ജാതിക്കു തലവന്മാരിൽ അവസാനത്തെ പാത്രിയർക്കായ തോമ്മാ അർക്കദിയാക്കോൻ, തന്നെ ജീവനു തുല്യം സ്നേഹിച്ചിരുന്ന തന്റെ സഭാമക്കളുടെയും തന്റെയും അടിമച്ചങ്ങല പൊട്ടിച്ചെറിയുവാനാണ് സ്വയം പരിത്യജിച്ച് ഇറങ്ങിത്തിരിച്ചത്.

അക്കാലത്തവിടെയുണ്ടായിരുന്ന പറങ്കികളും അല്ലാത്തവരുമായ റോമാ സഭാപാതിരിമാർ അചഞ്ചലനായ ആ വീരനസ്രാണി പാത്രിയർക്കീസിനെ വെറും നീചനും നിന്ദ്യനുമായി ചിത്രീകരിച്ചിരിക്കുന്നതിനെ അനുകരിച്ച് റോമാസഭയിലായിത്തീർന്നിച്ച നസ്രാണികളുടെ സന്താനങ്ങളിൽ ചിലർ, സമുദായദ്രോഹിയായും വേദവിപരീതിയായും ദുർമ്മോഹിയായും ഇന്നു ചിത്രീകരിക്കുന്നുണ്ട്.

മാർത്തോമ്മാശ്ലീഹായുടെ വരവുമുതൽ ഇവിടെ രൂപംകൊണ്ട ക്രിസ്തീയസമൂഹം സാർവ്വത്രികസഭയുടെ ഭാഗമെന്ന സത്യം ഗ്രഹിക്കാതെ അതു 'കത്തോലിക്കാസഭ' അതായതു റോമ്മാ പാത്രിയർക്കീസിന്റെ പരമാധികാരത്തിൻ കീഴിലുള്ള ഭൂലോകവ്യാപകമായ സാർവ്വത്രിക സഭയുടെ ഭാഗമായിരുന്നു എന്നു ധരിച്ചുകൊണ്ടോ എന്നു തോന്നുമാറു തോമ്മാ ജാതിത്തലവൻ റോമാസഭയ്ക്കു വിരുദ്ധനാകത്തക്ക മഹാരോൻ ശിക്ഷാർഹമായ ധാർമ്മികാധഃപതനത്തിൽ ചെന്നെത്തിയ നീചൻ എന്ന മട്ടിലാണ് ഈ സഹോദരങ്ങളുടെ നിലപാട്.

**ജെയിക്കബ് തോമസ്, നടുവിലേക്കര**

റോമാ പാപ്പായ്ക്കോ പോർട്ടുഗൽ രാജാവിന്റെ പദ്രോവാദത്തിനോ ഇവിടെ എന്തെങ്കിലും അധികാരമോ വേഴ്ചയോ ഉണ്ടായിരുന്നതായോ നാമെന്തെങ്കിലും സഹായത്തിനായി അവരോടഭ്യർത്ഥിക്കുകയോ ചെയ്തതായോ യാതൊരു തെളിവും 1498—ലെ വാസ്കോഡിഗാമായുടെ വരവുവരെ ഉണ്ടായിട്ടേയില്ല.

1599—ലെ ഉദയമ്പേരൂർ പിടിച്ചടക്കലാണ് നമ്മെ റോമ്മാസഭയിലാക്കുവാൻ പറങ്കികൾ ഒരു നൂററാണ്ടു ഉററു ശ്രമിച്ചതിന്റെ ഫലം. പിടിച്ചടക്കപ്പെട്ടവർ സ്വതന്ത്രമാകുവാൻ സർവ്വവിധേനയും ശ്രമിക്കും, ഇന്ത്യൻ സ്വാതന്ത്ര്യനേതാക്കളെ മഹാനീചന്മാരായി നല്ലവരായ ബ്രിട്ടീഷ് യജമാനന്മാർ ചിത്രീകരിച്ചിരിക്കുന്ന രേഖകൾ പ്രകാരം ഇന്നു ഗാന്ധിജിയേയോ സുബാഷ് ബോസിനെയോ, നെഹ്രുവിനെയോ പോലെയുള്ളവരെ അവരുടെ ദേശങ്ങളിൽ രേഖാമൂലമോ ഭാഷണത്തിലൂടെയോ പരാമർശിച്ചു ഈ മനഃസ്ഥിതിക്കാർ ഫലമറിയുന്നതു നന്നായിരിക്കും.

'നിങ്ങൾക്കെഴുതുവാൻ പലതുമുണ്ട്. എങ്കിലും കടലാസിലും മഷികൊണ്ടും എഴുതുവാൻ എനിക്ക് മനസ്സില്ല....നിങ്ങളുടെ അടുക്കൽ വന്ന് മുഖാമുഖമായി സംസാരിപ്പാൻ ആശിക്കുന്നു' (2 യോഹ. 1:12). മുഖാമുഖമായി ഉപദേശിച്ച വിശ്വാസസത്യങ്ങൾ വേദപുസ്തകത്തിൽ ഇല്ലല്ലോ. അതേ അർത്ഥം വരുന്ന വാചകം 3 യോഹ. 13, 14 വാക്യങ്ങളിലും കാണുന്നു.

'ശേഷം കാര്യങ്ങളെ ഞാൻ വന്ന് ക്രമപ്പെടുത്തും.' (1 കോരി. 11:34). ക്രമീകരിക്കേണ്ടതായ ചില കാര്യങ്ങൾ എഴുതിയശേഷം ബാക്കി കാര്യങ്ങൾ ഞാൻ അവിടെ വന്ന് ക്രമപ്പെടുത്താമെന്ന് പറഞ്ഞിരിക്കുമ്പോൾ ആ ബാക്കി കാര്യങ്ങൾ വേദപുസ്തകത്തിലില്ലെന്ന് സ്പഷ്ടമാണല്ലോ.

'നീ പല സാക്ഷികളുടെ മുമ്പിൽവച്ച് എന്നോട് കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്കുക' (2 തിമോ. 2:2), അങ്ങനെ ഭരമേല്പിച്ച വിശ്വാസം വേദപുസ്തകത്തിലില്ലെന്ന് വ്യക്തമാണല്ലോ. വേദപുസ്തകം മാത്രം വായിച്ചാൽ വിശ്വാസം മുഴുവൻ പഠിക്കാൻ സാദ്ധ്യമല്ല. വേദപുസ്തകോപദേശങ്ങളും അവയ്ക്കു പുറമെ അപ്പോസ്തോലന്മാർ വായ്മൊഴിയായി സഭയെ വിശ്വസ്തമായി ഭരമേൽപ്പിച്ചിട്ടുള്ള സത്യോപദേശങ്ങളും ഗ്രഹിക്കേണ്ടതാണ്.

പൗലൂസും ശീലാസും യറുശലേമിലെ അപ്പോസ്തോലന്മാരും കശ്ശീശന്മാരും വിധിച്ച നിർണ്ണയങ്ങൾ—വിശ്വാസാചാരങ്ങൾ—പട്ടണംതോറും സഞ്ചരിച്ച് സഭയ്ക്ക് ഏല്പിച്ചുകൊടുത്തിരുന്നു (അപ്പോ. 16:4). വിശ്വാസികളാകട്ടെ അപ്പോസ്തോലന്മാരുടെയും കശ്ശീശന്മാരുടെയും ഉപദേഷ്ടാക്കളുടെയും ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥനകഴിച്ചും പോന്നു (അപ്പോ. 2:4). 'നിങ്ങളെ നടത്തുന്നവരെ അനുസരിച്ച് കീഴടങ്ങിയിരിപ്പീൻ' (എബ്രാ. 13:17) എന്നുള്ള ഉപദേശവും കൊടുത്തു. 'നിങ്ങൾ സകലത്തിലും എന്നെ ഓർക്കയും ഞാൻ നിങ്ങളെ ഏല്പിച്ച കല്പനകളെ പ്രമാണിക്കയും ചെയ്കയാൽ ഞാൻ നിങ്ങളെ പുകഴ്ത്തുന്നു (1 കോരി. 11:2). 'എന്നോട് കേട്ട പത്ഥ്യവചനം

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



അലക്സി ജോസ്, കണിയത്ത.



എൽസി ജോൺസൺ. ഒരു വിശ്വാസി, അച്ചാമ്മ ചാക്കോ.



നീ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കിക്കൊള്ളുക' (2 തിമോ. 1:13). ഇങ്ങനെ അപ്പോസ്തോലിക വിശ്വാസം വി. സഭയിൽ തലമുറകളായി—നൂററാണ്ടുകളായി—വേദാനുസരണം സംരക്ഷിച്ചു വരുന്നു. അവ അനുസരിക്കേണ്ടത് ക്രിസ്ത്യാനികളുടെ കർത്തവ്യമാകുന്നു.

'നിങ്ങളുടെ ഇടയിൽ ഈ ലേഖനം വായിച്ചു തീർന്നശേഷം ലവുദിക്യ സഭയിൽകൂടെ വായിപ്പിക്കയും ലവുദിക്യയിൽ നിന്നുള്ള ലേഖനം നിങ്ങളും വായിക്കുവീൻ' (കൊലോ. 4:16). വി. പൗലൂസാണ് ഈ രണ്ട് ലേഖനങ്ങളും എഴുതിയത്. അവ രണ്ടും രണ്ട് സഭകളും പരസ്പരം കൈയ്മാറി വായിക്കണമെന്നും പറയുന്നു. എന്നാൽ ലവുദിക്യലേഖനം വേദപുസ്തകത്തിൽ ചേർക്കുവാൻ സാധിച്ചിട്ടില്ല. അതു് ഒരു അപൂർണ്ണതയാണ്.

കോരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ അതിനുമുമ്പ് മറെറാരു ലേഖനം അവർക്ക് എഴുതിയിരുന്നതായി കാണുന്നു (1 കോരി. 5:9). ദുർന്നടപ്പുകാരോട് സംസർഗ്ഗം അരുതെന്ന് ഞാൻ എന്റെ ലേഖനത്തിൽ നിങ്ങൾക്ക് എഴുതിയിട്ടുണ്ടല്ലോ'. ഒന്നാം ലേഖനത്തിന്റെ മുൻ അദ്ധ്യായത്തിൽ അങ്ങനെയൊരു വാചകം ഇല്ല. അപ്പോൾ ഒന്നാം ലേഖനമെന്ന് നാം വിചാരിക്കുന്ന ഈ ലേഖനത്തിനു മുമ്പായി വി. പൗലൂസ് മറെറാരു ലേഖനം എഴുതിയിട്ടുണ്ടെന്ന് വ്യക്തമാകുന്നു. അതും ഈ വേദപുസ്തകത്തിൽ ചേർത്തിട്ടില്ല.

1 ദിന. 29:30—ൽ 'ഇസ്രായേലിനും അന്യദേശങ്ങളിലെ സകല രാജ്യങ്ങൾക്കും ഭവിച്ച കാലഗതികളും ദർശകനായ ശമുവേലിന്റെ വൃത്താന്തത്തിലും നാഥാൻ പ്രവാചകന്റെ പുസ്തകത്തിലും ദർശകനായ ഗാദിന്റെ വൃത്താന്തത്തിലും എഴുതിയിരിക്കുന്നുവല്ലോ' എന്നു കാണുന്നു. കൂടാതെ 2 ദിന. 9:29—ലും 2 ദിന. 20:34—ലും വേറെ ചില പുസ്തകങ്ങളെ പററിയും പറയുന്നു. ഇവയൊന്നും വേദപുസ്തകത്തിൽ ചേർത്തിട്ടില്ല.

മത്താ. 2:23—ൽ 'അവൻ നസ്രായനെന്ന് വിളിക്കപ്പെടും.' എന്ന് പഴയനിയമപുസ്തകങ്ങളിൽ എവിടെയോ എഴുതിയിട്ടുള്ളതായി സൂചനയുണ്ട്. പക്ഷേ പ്രസിദ്ധീകൃതമായ പഴയനിയമ പുസ്തകങ്ങളിലൊന്നും അതു കാണുന്നില്ല.

യേശുക്രിസ്തുവിന്റെ ഉപദേശങ്ങളും പ്രവർത്തികളും എല്ലാം എഴുതുകയാണെങ്കിൽ ആ പുസ്തകങ്ങൾ ലോകത്തിൽ കൊള്ളുകയില്ലെന്ന് (യോഹ. 21:25) സുവിശേഷകനായ യോഹന്നാൻ സാക്ഷിക്കുന്നു. വേദപുസ്തകം അപൂർണ്ണമാണെന്നുള്ളതിന് അതിൽ കൂടുതലായ സാക്ഷ്യം ആവശ്യമില്ല.

കർത്താവേശുമ്ശിഹാ ഉയിർത്തെഴുന്നേററശേഷം നാല്പതു നാളോളം ശിഷ്യന്മാരുടെകൂടെ വസിച്ച് ദൈവരാജ്യത്തിന്റെ മർമ്മങ്ങളെക്കുറിച്ച് അവർക്കുപദേശിച്ചുകൊടുത്തു (അപ്പോ. 1:3) എന്നും കാണുന്നു. സുവിശേഷങ്ങളിൽ ഉയർപ്പു വരെയുള്ള കാര്യങ്ങളേ ഉള്ളൂ. ചില പ്രത്യേക ഉദ്ദേശങ്ങളോടും മറുപടികളായും എഴുതിയ ലേഖനങ്ങളിൽ ഈ നാല്പതു ദിവസങ്ങളിലെ ഉപദേശങ്ങൾ ഭാഗികമായി കണ്ടേക്കാമെന്നല്ലാതെ മുഴുവനായി ഉണ്ടായിരിക്കയില്ലല്ലോ.

'ഈ പുസ്തകത്തിൽ എഴുതിയിട്ടില്ലാത്ത മററനേകം അടയാളകർമ്മങ്ങളും യേശു തന്റെ ശിഷ്യന്മാരുടെ മുമ്പാകെ പ്രവർത്തിച്ചു (യോഹ. 20:3) എന്ന് ഒരു സംശയവും തോന്നാത്തവിധത്തിൽ വേദവാക്യം സാക്ഷിക്കുന്നു.

സഭ കർത്താവിന്റെ ശരീരമാകുന്നു. അതു് നിറവുള്ളതും പൂർണ്ണവുമാണ് (എഫേ. 1:21—23). ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ വർദ്ധനയ്ക്കായി അപ്പോസ്തോലന്മാരെയും സുവിശേഷകരെയും നിയമിച്ചിരിക്കുന്നു (എഫേ. 4:11—13). സഭയാകുന്ന ശരീരത്തിന്റെ തല ക്രിസ്തുവാകുന്നു (കൊലോ. 1:18). എന്നുമെന്നേക്കും തലമുറതലമുറയായുള്ള മഹത്വം ക്രിസ്തുയേശുവിലും അവന്റെ സഭയിലും ആകുന്നു (എഫേ. 3:21). വിശ്വാസമാകുന്ന പാറമേലാണ് സഭയെ പണിതിരിക്കുന്നതു് (മത്താ. 16:18). പാതാളഗോപുരങ്ങൾ അതിനോടു ബലപ്പെടുകയില്ല. പരിശുദ്ധാത്മാവ് സഭയെ നയിക്കുന്നു (അപ്പോ. 20:28). ഈ സഭയെ അനുസരിക്കേണ്ടതു് രക്ഷയ്ക്കാവശ്യമാണ്. അനുസരിക്കാത്തവനെ പുറജാതിക്കാരനെപ്പോലെ തള്ളണം.

യേശുക്രിസ്തു കല്പിച്ചതു് പ്രമാണിപ്പാൻ തക്കവണ്ണം പഠിപ്പിച്ച് എല്ലാവരെയും തന്റെ ശിഷ്യരാക്കുവാൻ യേശുക്രിസ്തു തന്നെ സ്ഥാപിച്ചതാണ് വി. സഭ എന്ന സ്ഥാപനം. പരിശുദ്ധാത്മാവാണ് അതിനെ നടത്തുന്നതു്. അപ്പോസ്തോലകാലത്തെ വിശ്വാസികളുടെ ആദ്ധ്യാത്മിക ജീവിതരീതി വിവരിക്കുന്നിടത്തു് (അപ്പോ. പ്രവൃത്തി 2:42) അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടു എന്നു കാണുന്നതിനാൽ വിശ്വാസികൾ സ്വയം പഠിക്കുകയല്ലാ സഭയുടെ ഉപദേശം കേട്ടു പഠിക്കുകയാണ്, അതിനാൽ സഭയെ അനുസരിക്കേണ്ടതു് ഓരോ വിശ്വാസിയുടെയും കടമയാണ്, വേദപുസ്തകം മാത്രം വായിച്ച് സ്വയം തീരുമാനത്താലേ ജീവിക്കൂ എന്നു പറയുന്നതു് ശരിയല്ല, വേദപുസ്തകം വ്യാഖ്യാനിക്കുവാനുള്ള (പഠിപ്പിക്കുവാനുള്ള) അവകാശം സഭയ്ക്കാണ്. വേദപുസ്തകത്തിലുള്ളതെല്ലാം വേദാനുസരണമോ, വേദപുസ്തകത്തിൽ കാണാത്തതു് മുഴുവൻ വേദപുസ്തകത്തിനോ ദൈവീക വെളിപാടിനോ എതിരല്ല.

വിദേശനുകത്തിൽ നിന്നുള്ള സ്വാതന്ത്ര്യം എന്നാണ് ധ്വനി.

നവീകരണ ധ്വനി ഉയർക്കൊണ്ട 1836–ലെ മെമ്മോറാണ്ഡത്തിലോ, പിന്നെ എപ്പോഴെങ്കിലുമോ സ്വാതന്ത്ര്യത്തിന്റെ ഒരു ശബ്ദമോ സൂചന പോലുമോ ഉണ്ടായിരുന്നില്ല. (പാലക്കുന്നത്തു മല്പാനച്ചനും, വേറെ ചില പട്ടക്കാരും ചേർന്നു, സായ്പന്മാരുടെ ഉപദേശത്തിനും, പഠിപ്പിക്കലിനും പ്രേരിതരായി, മലങ്കര സഭയിൽ ഒരു നവീകരണം വരുത്തണമെന്ന് ചേപ്പാട്ട മാർ ദീവന്നാസ്യോസിനോട് ആവശ്യപ്പെട്ടു. മെത്രാച്ചനും സഭയും അതിൽ വഴങ്ങുന്നില്ലെന്നു കണ്ടപ്പോൾ, അതു് ഒരു മെമ്മോറാണ്ഡമായി എഴുതി അന്നത്തെ റസിഡണ്ടിനും അതുവഴി തിരുവിതാംകൂർ സർക്കാരിനും നല്കി. അത് 1836–ൽ ആയിരുന്നു. അതിനും ഫലമൊന്നുമുണ്ടായില്ല. അങ്ങിനെ നവീകണത്തിനു കടലാസു മാത്രമായ ഒരു തുടക്കം കുറിച്ചതിന്റെ 150–ാം വാർഷികമാണ് 1986-ൽ മർത്തോമ്മാ സഭ കൊണ്ടാടിയതു്.

എന്നാൽ നവീകരണ പ്രേമികളായ ചില ജനനേതാക്കളുടെ പ്രവർത്തനത്തിന്റെയും പ്രചരണത്തിന്റെയും ഫലമായി 1886–റോടടുത്തു മാത്രം രൂപീകൃതമായ ഒരു എപ്പിസ്കോപ്പേത സംഘടനയായിട്ടാണ് യഥാർത്ഥത്തിൽ ഇന്നത്തെ മാർത്തോമ്മാ സഭ ആരംഭിച്ചതു്.) നേരെമറിച്ച് മെമ്മോറാണ്ടസമർപ്പണത്തിനു മുമ്പും പിൽക്കാലത്തും, മലങ്കരസഭാ സ്വാതന്ത്ര്യത്തെ അറിഞ്ഞോ അറിയാതെയോ അപകടത്തിലാക്കുകയാണു നവീകരണക്കാർ ചെയ്തതു്. ഉദാ:–

a) മാർത്തോമ്മാ 8–ാ മനിൽ നിന്ന് കത്തനാർ പട്ടം ഏററിരുന്ന അബ്രാഹം മൽപാൻ, പിന്നെ ശീമക്കാരനായി ഇവിടെ വന്ന അത്താനാസ്യോസു മെത്രാനിൽ നിന്ന്, 1827–ൽ പട്ടം അഴിച്ചുവാങ്ങി. അന്നു ചേപ്പാട്ട മാർ ദീവന്നാസ്യോസു ആയിരുന്നു മലങ്കര മെത്രാൻ. മലങ്കരമെത്രാൻ അതിന്മേൽ നടപടി എടുക്കുകയും മല്പാനു് സർക്കാർ, പിഴയും, തടവും വിധിക്കുകയും ചെയ്തു. ശീമക്കാരനോട് മല്പാൻ കാണിച്ച വിധേയത്വവും പ്രതിപത്തിയും!!

b) വിദേശിയായ പാത്രിയർക്കീസിനു് (ഏലിയാസ് II) ശൽമൂസോ (വിധേയപത്രം) എഴുതികൊടുത്തുകൊണ്ടു്, മത്യൂസു മാർ അത്തനാസ്യോസു മൂസലിൽ ചെന്നു പട്ടം ഏററു. വിദേശിയനായ ഒരു പാത്രിയർക്കീസിന്റെ ആസ്ഥാനത്തു ചെന്നു്, വിധേയപത്രം എഴുതിക്കൊടുത്തു പട്ടമേൽക്കുന്ന ആദ്യത്തെ മലങ്കരസഭാംഗം ഇദ്ദേഹമായിരുന്നു. അതോടുകൂടി മലങ്കരമെത്രാൻ സ്ഥാനി പാത്രിയർക്കീസിനു് വിധേയനുമായി. ഇദ്ദേഹത്തെ ശീമയിലേക്കു അയച്ചത് അബ്രാഹം മൽപാൻ ആയിരുന്നു എന്ന് മാർത്തോമ്മാ ഔദ്യോഗിക പ്രസിദ്ധീകരണം തന്നെ പറയുന്നു (നമ്മുടെ വിശ്വാസം പു. 122) ചേപ്പാട്ട മാർ ദീവന്നാസ്യോസ് മലങ്കരമെത്രാനായി ഭരണം നടത്തുമ്പോഴാണു, സഭയുടെ ഒരു തിരഞ്ഞെടുപ്പോ അറിവോ പോലുമോ കൂടാതെ അബ്രഹാം മല്പാൻ സ്വന്ത സഹോദര പുത്രനെ ശീമയ്ക്കു അയയ്ക്കുന്നത്. അതിനു മുമ്പുള്ള മലങ്കര മെത്രാന്മാർ നാട്ടുകാരനായ തങ്ങളുടെ മുൻഗാമികളിൽനിന്നു പട്ടമേൽക്കുകയായിരുന്നു പതിവു്.

c) തിരഞ്ഞെടുപ്പോ ജന പിന്തുണയോ ഇല്ലാതെയിരുന്നെങ്കിലും, മത്യൂസ് അത്താനാസ്യോസു പട്ടമേററു മലങ്കരയിൽ വന്നയുടനെ ആദ്യം ചെയ്തത് താൻ പട്ടമേററത് പാത്രിയർക്കീസിൽനിന്നാകയാലും ചേപ്പാട്ട ദീവന്നാസ്യോസ് പാത്രിയർക്കീസിനാൽ വാഴിക്കപ്പെടാത്ത ആളാകയാലും മാർ ദീവന്നാസ്യോസിന്റെ തിരുവെഴുത്തു വിളംബരം റദ്ദാക്കി, തന്നെ മലങ്കരമെത്രാനായി അംഗീകരിച്ച തിരുവെഴുത്തു വിളംബരം പുറപ്പെടുവിക്കണമെന്നു സർക്കാരിലേക്കു അപേക്ഷ കൊടുക്കുകയായിരുന്നു.

മുകളിൽ കാണിച്ച ചെയ്തികളിൽ, ഏതിന്റെ പേരിലാണ്, വിദേശാധിപത്യ സ്വാതന്ത്ര്യ സമരത്തിന്റെ തൂവൽ നവീകരണ സഭയുടെ തൊപ്പിയിൽ ചാർത്തേണ്ടത്. ''താരക''പത്രാധിപർ ചൂണ്ടികാണിച്ചാൽ കൊള്ളാം.

മാർ മത്യൂസു അത്താനാസ്യോസിന്റെ വാദഗതി കാരണം, പിൻഗാമിയായി വന്ന പുലിക്കോട്ട ദീവന്നാസ്യോസും, അന്ത്യോക്യയിൽ പോയി പട്ടം ഏൽക്കാൻ നിർബന്ധിതനായി. (അക്കാരണത്താൽ ഭരണം കിട്ടാതെയിരിക്കേണ്ട എന്നു കരുതി.)

(തുടരും)

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



എലിയാമ്മ ബുധന്നൂർ.



സൂസമ്മ രാജൻ.



ശാന്തി ജോർജ്.




# പരിശുദ്ധ പാമ്പാടി തിരുമേനി

## 23–ാം ശ്രാദ്ധപ്പെരുനാൾ 1988 ഏപ്രിൽ 6

പ. പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനി കാലം ചെയ്തിട്ട് 23 വർഷം ആയിരിക്കുന്നു. 1988 ഏപ്രിൽ 5–ാം തീയതി തിരുമേനിയുടെ 23–ാം ശ്രാദ്ധപ്പെരുന്നാൾ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ ആചരിക്കുകയാണ്. തിരുമേനിയെ ഒരു പരിശുദ്ധനായി സഭ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും അതിനുള്ള നടപടികളെപ്പററി ആലോചിച്ചുവരുന്നു എന്ന് പ. കാതോലിക്കാബാവാ തിരുമേനി കല്പ്പിക്കുകയുണ്ടായി. അനേകായിരങ്ങളുടെ ഹൃദയത്തിൽ തിരുമേനിയെപ്പററിയുള്ള സ്മരണകൾ വളരെയേറെ ഉണ്ടെന്നുള്ളതു് ഒരു പരമാർത്ഥമത്രേ. തിരുമേനിയുടെ പ്രാർത്ഥനയും നോമ്പും ഉപവാസവും ദാനധർമ്മവുമാണ് തിരുമേനിയെപ്പററി ആളുകൾ ഓർക്കുമ്പോൾ അവരുടെ മനസ്സിൽ തെളിഞ്ഞുവരുന്ന സംഗതികൾ.

''പ്രാർത്ഥനയെ കേൾക്കുന്നവനായ നമ്മുടെ കർത്താവ് പ്രാർത്ഥിച്ചു എങ്കിൽ പ്രാർത്ഥിക്കേണ്ടവനായ നീ പ്രാർത്ഥിക്കുന്നില്ലെങ്കിൽ നീ എവിടെച്ചെന്നു നിൽക്കും എന്ന് പലപ്പോഴും തിരുമേനി പറയുന്ന ഒരു കാര്യമത്രെ''.

നമ്മുടെ കർത്താവ് വനാന്തരത്തിൽ പോയി പ്രാർത്ഥിച്ചു. രാത്രി മുഴവൻ പ്രാർത്ഥിച്ചു. ഇതൊക്കെയും നാം അറിഞ്ഞ് അപ്രകാരം പ്രവർത്തിക്കണമെന്ന് തിരുമേനി ഉത്ബോധിപ്പിക്കുമായിരുന്നു. ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്ന് അപ്പോസ്തോലൻ പറയുന്നു.'' അതിനാൽ എന്റെ കുഞ്ഞുങ്ങളെ നിങ്ങൾ പ്രാർത്ഥനയ്ക്ക് വീഴ്ചവരുത്തരുതേ എന്ന് അദ്ദേഹം പ്രസംഗത്തിൽ എടുത്തുപറയുമായിരുന്നു.



നോമ്പാചരണത്തിലും വളരെയേറെ നിഷ്ഠയുള്ള ആളായിരുന്നു തിരുമേനി. സഭ കല്പ്പിച്ചിരിക്കുന്ന നോമ്പുകൾക്കു പുറമെ പ്രത്യേക നോമ്പുകൾ എടുക്കുന്ന രീതി തിരുമേനിക്കുണ്ടായിരുന്നു. തിരുമേ

യുവാക്കൾക്ക് കഴിയട്ടെ' മലയാള മനോരമ ചീഫ് എഡിററർ കെ. എം. മാത്യു ആശംസകൾ നേർന്നു കൊണ്ട് ഉദ്ബോധിപ്പിച്ചു. ഫാ. പി. എസ് ശാമുവേൽ, ഫാ. പി. വി. വറുഗീസ് എന്നിവർ ആശംസകളർപ്പിച്ചു. സഭാവൈദീക ട്രസ്റ്റിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ. മത്തായി നൂറനാൽ, ജേർണലിസം എഡ്യുക്കേഷൻ ട്രസ്റ്റ് ഫെലോഷിപ്പ് ലഭിച്ച പോൾ മണലിൽ എന്നിവരെ സമ്മേളനം അനുമോദിച്ചു. ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസ് സ്വാഗതവും വൈസ് പ്രസിഡൻറ് പ്രിൻസ് വറുഗീസ് നന്ദിയും പറഞ്ഞു.

സന്ധ്യാനമസ്കാരാനന്തരം അഭിവന്ദ്യ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ താത്വികഭദ്രമായ പഠനക്ലാസ് ആരംഭിച്ചു. ദൈവത്തിൻെറ സ്വരൂപത്തിലും സാദൃശ്യത്തിലും' എന്നതായിരുന്നു വിഷയം. വസ്തുവിൻെറ പിന്നിൽ ഒന്നുമില്ലായ്മയല്ല ദൈവത്തിൻെറ ഇച്ഛാശക്തിയാണുള്ളത്. സൃഷ്ടി നിലനില്ക്കുന്നതും ആ ശക്തിയിലാണ്. മനുഷ്യൻെറ ശരീരവും ആത്മാവുപോലെ പ്രാധാന്യമർഹിക്കുന്നു. അദൃശ്യമായ യാഥാർത്ഥ്യത്തിൻെറ ദൃശ്യമായ സാദൃശ്യമാണ് മനുഷ്യനായിത്തീർന്ന ദൈവം. ആ ദൈവത്തിൻെറ സാന്നിദ്ധ്യമാണ് മനുഷ്യൻ എന്നിങ്ങനെയുള്ള ദൈവശാസ്ത്ര ദർശനങ്ങളിലേക്ക് സദസ്സിൻെറ ചിന്തയെ അദ്ദേഹം ഉണർത്തി.

രണ്ടാം ദിവസമായ 30–ാം തീയതി വി. കുർബ്ബാനയ്ക്കും പ്രഭാത ഭക്ഷണത്തിനും ശേഷം അഭിവന്ദ്യ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ക്ലാസ്സുകൾ തുടർന്നു. അഖിലാണ്ഡവും മനുഷ്യാധിപത്യത്തിനു കീഴിൽ ദൈവത്തിനു മഹത്വം വരുത്തുന്ന ഒരു സംഗീത സദസ്സായിത്തീരണം എന്നാശംസിച്ചുകൊണ്ട് അഭിവന്ദ്യ തിരുമേനി വാക്കുകൾക്ക് വിരാമമിട്ടു.

ഉച്ചയ്ക്കുശേഷം 'മദ്യത്തോടും മയക്കുമരുന്നുകളോടുമുള്ള ക്രിസ്തീയപ്രതികരണം' എന്നതിനെപ്പററി ചർച്ച്നടന്നു. യുവാക്കൾ മദ്യത്തിനെതിരെ കുരിശുയുദ്ധം നടത്തണമെന്നു പ്രസ്താവിച്ചുകൊണ്ട് ഫാ. കുറിയാക്കോസ് പാറയ്ക്കൽ ചർച്ചയ്ക്ക് തുടക്കം കുറിച്ചു. സിസ്റ്റർ ഡൊളോറസ്, പ്രൊഫ. വറുഗീസ് പടിയറ, സത്യവാൻ കൊട്ടാരക്കര എന്നിവരും ചർച്ചയിൽ പങ്കെടുത്തു.


## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



മിസ്റ്റർ & മിസ്സസ്. പി. ററി. മാത്യു, പുത്തുരത്തിൽ.



താമസിച്ചതിനു ക്ഷമാപണം—മിസ്സസ്. ഓമന തോമസ്, ഫരീദാബാദ്. പി. സി. ചെറിയാൻ. ഡൽഹി.


അത്താഴത്തിനുശേഷം നടന്ന വിനോദ സമ്മേളനം നാടോടി നൃത്തത്താലും മാജിക്കുകളാലും മററും ഏറെ ധന്യമായിരുന്നു.

ഡീക്കൻ ജോൺ മാത്യുവിൻെറ വേദപഠനത്തോടുകൂടിയാണ് മൂന്നാം ദിവസത്തെ കോൺഫ്രൻസ് പരിപാടികൾ ആരംഭിച്ചത്. തുടർന്ന് 9 30–ന് റവ. ഡോ. വി. പി. വറുഗീസ് ധൂർത്തപുത്രൻ എന്ന ഉപമയെ അധികരിച്ച് ക്ലാസ്സെടുത്തു. 'യഹൂദന്മാർക്ക് പന്നിവളർത്തൽ നിഷിദ്ധമായിരുന്നെങ്കിലും അടിമകളെക്കൊണ്ട് പന്നിയെ വളർത്തി ധനം സമ്പാദിച്ചിരുന്നതുപോലെ ഇന്നത്തെ സമൂഹവും വളഞ്ഞവഴിയിലൂടെ നേടുന്ന പണം പരോക്ഷമായിപോലും സ്വീകരിക്കാതിരിക്കാൻ നമുക്കു കഴിയുമോ?' ബ. അച്ചൻ ചോദിച്ചു. 11 മണിക്ക് 'സാഹിത്യവും മൂല്യശോഷണവും' എന്നതിനെപ്പററി നടന്ന വിദ്യാർത്ഥി സെമിനാറിൽ റവ. പ്രൊഫ. കെ. വി. പൗലൂസ് അദ്ധ്യക്ഷത വഹിച്ചു. അടിസ്ഥാന മൂല്യങ്ങളുടെ അധഃപതനത്തെ നോക്കി മുറവിളി കൂട്ടാതെ അതിനെ ക്രിയാത്മകമായി നിയന്ത്രിക്കാനാണ് ശ്രമിക്കേണ്ടതെന്ന് വിദ്യാർത്ഥികൾ ചൂണ്ടിക്കാട്ടി.

ഉച്ചയ്ക്കുശേഷം നിയുക്ത കാതോലിക്കാ അഭിവന്ദ്യ മത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ധ്യാനത്തിനും വി. കുമ്പസാരത്തിനും നേതൃത്വം നൽകി. അങ്ങനെ ഒരാത്മശുദ്ധീകരണത്തിലൂടെ ഉയർത്തെഴുന്നേററ വിദ്യാർത്ഥികൾ ദേവാലയത്തിനുള്ളിൽ ധ്യാനനിരതരായി കുത്തിരുന്നു. രാത്രി 10 മണിക്ക് നമസ്കാരം ആരംഭിച്ചു. 12 മണിക്ക് വി. പുതുവത്സര കുർബ്ബാന അർപ്പിക്കപ്പെട്ടു. തുടർന്ന് പുതുവത്സരാഘോഷ പരിപാടികൾ നടത്തി. വിശുദ്ധ കർബ്ബാനയ്ക്കുശേഷം പുതുക്കം പ്രാപിച്ച അഞ്ഞൂറിൽപരം അംഗങ്ങൾ കത്തിച്ചുപിടിച്ച മെഴുകുതിരിയുടെ പ്രഭയിൽ പ്രസിഡണ്ടു തിരുമേനി മുറിച്ചുനൽകിയ മധുരം നുകർന്നു കൊണ്ട് രാത്രി 2 30 ന് അവരവരുടെ കിടക്കകളിലേക്കു മടങ്ങി.

പുതിയ പുലരിയിൽ പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് പുതുവത്സരാശംസകൾ നേർന്നു. പരസ്പര സ്നേഹത്തോടുകൂടി പ്രവർത്തിച്ച് മുന്നേറുവാൻ പ. കാതോലിക്കാബാവാ യുവാക്കളെ ആഹ്വാനംചെയ്തു. സമാപനസമ്മേളനത്തിൽ അഭിവന്ദ്യ ഡോ. തോമസ് മാർ മക്കാറിയോസ് തിരുമേനി മുഖ്യ പ്രസംഗകനായിരുന്നു. പ്രൊഫ. പി. സി. ഏലിയാസ് സ്വാഗതവും ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസ് നന്ദിയും പറഞ്ഞു. സമാപനപ്രാർത്ഥനയോടുകൂടി 12. 30–ന് നാലു ദിവസം നീണ്ടുനിന്ന സമ്മേളനത്തിന് തിരശ്ശീല വീണു.



അഭിവന്ദ്യ പ്രസിഡൻറു തിരുമേനിയുടെയും അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനിയുടെയും ആദ്യന്ത സാന്നിദ്ധ്യം സമ്മേളനത്തിൽ അനുഗ്രഹപ്രദമായിരുന്നു. അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, സ്തേഫാദനാസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ, മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ, പൗലൂസ് മാർ മിലീത്തിയോസ് മെത്രാപ്പോലീത്താ, ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ എന്നിവർ സമ്മേളനത്തിൽ എത്തി ആശംസകളർപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട റമ്പാച്ചന്മാരും അനേക വൈദീകരും കന്യാസ്ത്രീകളും സമ്മേളനത്തിൽ ആദ്യന്തം പങ്കെടുത്തിരുന്നു. ഫാ. തോമസ് കുര്യൻ, ഡീ. എം. സി. ചെറിയാൻ, ഡീ. ഐസക്ക് എന്നിവർ സമ്മേളനത്തിന് നേതൃത്വം നല്കി.

ചോദ്യോത്തരവേളകളിലെല്ലാം ചിന്തോദ്ദീപകങ്ങളായ പല ചോദ്യങ്ങളും ഉയർന്നു. എന്നാൽ ഗ്രൂപ്പു ചർച്ചകളിൽനിന്നും ക്രിയാത്മകമായ ഒരാശയം ഉയർന്നില്ല. പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിലഭയം പ്രാപിച്ച് അംഗങ്ങൾ പുതിയ അനുഭവങ്ങളുമായി നടയിറങ്ങി.

—o—


## പാമ്പാടി ബി. എം. എം.
## ബോർഡിംഗ് സ്കൂൾ

പരിശുദ്ധ ബസ്സേലിയോസ് മാത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ തിരുമേനിയുടെ പേരിൽ പാമ്പാടി ദയറായോടനുബന്ധിച്ച് 1983–ൽ ആരംഭിച്ച ഇംഗ്ലീഷ് മീഡിയം സ്കൂളിൽ (B M. M. English Medium Recognised School), L. K. G., U. K. G എന്നീ നേഴ്സറി വിഭാഗങ്ങളിലും Std. 1 മുതൽ 4 വരെ ലോവർ പ്രൈമറി, Std. 5 മുതൽ 7 വരെ അപ്പർ പ്രൈമറി എന്നീ ക്ലാസ്സുകളിലും ആയി 300–ലധികം കുട്ടികൾ കേരളാ സിലബസ് അനുസരിച്ച് പഠിച്ചുവരുന്നു. ഈ സ്കൂൾ വർഷാരംഭം മുതൽ സ്കൂളിനോടനുബന്ധിച്ച് ബോർഡിംഗും ആരംഭിക്കുകയാണ്. ട്രെയിൻഡ് ഗ്രാഡുവേററ്സ് ആൻഡ് പോസ്റ്റ് ഗ്രാഡുവേററ്സ് ടീച്ചേഴ്സ് സേവനം അനുഷ്ഠിച്ചുവരുന്നു. പാഠ്യവിഷയങ്ങളിലും, പാഠ്യേതര വിഷയങ്ങളിലും കുട്ടികൾക്ക് പരിശീലനം നൽകുന്നു. ബോർഡിംഗിൽ കുട്ടികളെ ചേർക്കേണ്ട രക്ഷകർത്താക്കൾ ഏപ്രിൽ മാസം 15–ാം തീയതിക്കു മുമ്പായി P. C. Yohannan Remban, Manager, B. M. M. Engish Medium School, Pothenpuram P. O. Pampady—686502 എന്ന വിലാസത്തിൽ എഴുതുക.

# സഭാ വാർത്തകൾ

## ഇടുക്കി ഓർത്തഡോക്സ് മെഡിക്കൽ സെൻറർ വികസനം

യാതൊരു മെഡിക്കൽ സഹായവും ലഭിക്കാത്ത നെററിത്തൊഴ എന്ന സ്ഥലത്ത് ഇടുക്കി മെത്രാസനത്തിൻെറ വകയായി കഴിഞ്ഞ മെയ് മാസത്തിൽ ആരംഭിച്ച ആശുപത്രി അടിയന്തരമായി വികസിപ്പിക്കേണ്ടിയിരിക്കുന്നു. പള്ളിവക കെട്ടിടമാണ് ആശുപത്രിയും നേഴ്സസിൻെറ ക്വാർട്ടേഴ്സുമായി ഉപയോഗിക്കുന്നത്. ഓപ്പറേഷൻ തീയേററും ലേബർ റൂമും മററുമില്ല. തന്മൂലം പ്രസവത്തിനുള്ളവരെ അഡ്മിററ് ചെയ്യാൻ സാധിക്കുന്നില്ല. ചെറിയ ആശുപത്രി കെട്ടിടത്തിനും ഗൈനക്കോളജിസ്റ്റിനും നേഴ്സസിനുമുള്ള ക്വാർട്ടേഴ്സിനും പത്തു ലക്ഷം രൂപാ വേണ്ടിയിരിക്കുന്നു. ഒന്നര ലക്ഷം രൂപാ മാത്രമെ കൈവശമുള്ളു.

സ്കൂളുകളോ, I. T. C. കളോ, ആശുപത്രികളോ, അനാഥശാലകളോ ഒന്നുമില്ലാത്ത ഇടുക്കി മെത്രാസനത്തിൽ ആദ്യമായി തുടങ്ങിയ ഈ ആതുരാലയത്തിൻെറ വികസനത്തിനായി ഏവരും ആത്മാർത്ഥമായി സഹായിക്കണമെന്ന് താല്പര്യപ്പെടുന്നു. മെറേണിററി യൂണിററ് എത്രമാത്രം അത്യന്താപേക്ഷിതമാണെന്ന് പറയാനില്ലല്ലോ. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് വരുന്ന മാസം തന്നെ പണി തുടങ്ങുകയാണ്. എത്രയും വേഗം സഹായങ്ങൾ എത്തിച്ചേരുമെന്ന് വിശ്വസിക്കുന്നു.

മത്യൂസ് മാർ ബർന്നബാസ്
മെത്രാപ്പോലീത്താ

### കശ്ശീശാപട്ടം നൽകി

പത്തനംതിട്ട മാക്കാംകുന്ന് കത്തീഡ്രൽ ഇടവകയിൽ വട്ടപ്പറമ്പിൽ ഡീക്കൻ ജോർജ് വർഗീസിന് ഡിസംബർ 19–ാം തീയതി ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി വൈദികപട്ടം നൽകി.

തുടർന്ന് ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുമോദന യോഗത്തിൽ ഫാ. എം. കെ. തോമസ്, ഫാ. ഡാനിയേൽ എൻ. വർഗീസ്, വെരി. റവ. എം. ററി. ജോസഫ് കോറെപ്പിസ്കോപ്പാ, ഫാ. ജോൺസൺ, ഡീക്കൻ തോമസ് പോൾ, മി. കെ. വി. മാത്യു എന്നിവർ പ്രസംഗിച്ചു.

ഫാ. ജോർജ് വർഗീസ് അനുമോദനങ്ങൾക്ക് കൃതജ്ഞത രേഖപ്പെടുത്തി.

### ആസ്പത്രി ഉത്ഘാടനം

കുന്നംകുളത്ത് കോട്ടപ്പടി എന്ന സ്ഥലത്ത് നിർമ്മിച്ച ചെമ്മണ്ണൂർ ഡേവിഡ്സൺ മെമ്മോറിയൽ ആശുപത്രിയുടെ ഉത്ഘാടനം ഡിസംബർ 8–ാം തീയതി ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. പൗലോസ് മാർ മിലിത്തിയോസ് തിരുമേനി സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

കോട്ടപ്പടിയിലെ ഒരു പുരാതന കുടുംബാംഗവും ധനാഢ്യനും സമാസ്നേഹിയുമായ ചെമ്മണ്ണൂർ ശ്രീ. സി. പി. ഇയ്യാക്കു, ദിവംഗതനായ തൻെറ ഏക മകൻ ഡേവിഡ്സൺ സി. ജേക്കബിൻെറ ഓർമ്മയ്ക്കായി സ്വന്തം ചിലവിൽ നിർമ്മിച്ച് ഓർത്തഡോക്സ് സഭയിലെ പുതുപ്പാടി സെ. പോൾസ് കോൺവെൻറിലെ സിസ്റ്റേഴ്സിൻെറ പരിപൂർണ്ണ ചുമതലയിൽ നടത്തുവാൻ ഏർപ്പാടു ചെയ്തിട്ടുള്ളതാണ് ഈ ആശുപത്രി. ഡേവിഡ്സൺ സി. ജേക്കബിൻെറ ഒരു ചിത്രം സമ്മേളനത്തിൽവെച്ച് മലബാർ ഭദ്രാസനത്തിൻെറ തോമസ് മാർ തീമോത്തിയോസ് തിരുമേനി അനാച്ഛാദനം ചെയ്തു. ആശുപത്രിയുടെ പ്രവർത്തനങ്ങളിൽ ഭാവുകങ്ങൾ ആശംസിച്ചുകൊണ്ട് റിട്ട. സിവിൽ സർജൻ ഡോ. പത്മനാഭൻ, സിവിൽ സർജൻ ഡോ. മുഹമ്മദാലി, കോട്ടപ്പടി ഓർത്തഡോക്സ് പള്ളി വികാരി ഫാ. മത്തായി പനയ്ക്കൽ, കോട്ടപ്പടി റോമൻ കത്തോലിക്കാ പള്ളി വികാരി ഫാ. ജോൺ മേച്ചേരി, പുതുപ്പാടി സെ. പോൾസ് ആശ്രമം സുപ്പീരിയർ ഫാ. പി. എം. തോമസ് എന്നിവർ പ്രസംഗിച്ചു. അഡ്വോക്കേററ് പി, സി. മാത്യു സ്വാഗതം ആശംസിച്ചു പ്രസംഗിച്ചു. പുതുപ്പാടി സെ. പോൾസ് കോൺവെൻറ് മദർ സുപ്പീരിയർ സിസ്റ്റർ സൂസന്ന കൃതജ്ഞത രേഖപ്പെടുത്തി.

ആശുപത്രിയോടനുബന്ധിച്ചുള്ള സെ. പോൾസ് ചാപ്പലിൻെറയും ആശുപത്രി കെട്ടിടത്തിൻെറയും കൂദാശ പൗലൂസ് മാർ മിലിത്തിയോസ് തിരുമേനി ഉദ്ഘാടനത്തിൻെറ തലേദിവസം നിർവ്വഹിച്ചു. ആശുപത്രി ചാപ്പലിൽ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് തിരുമേനി 8–ാം തീയതി കാലത്ത് വി. കർബ്ബാന അർപ്പിച്ചു.

50 ലക്ഷം രൂപായോളം ചെലവഴിച്ച് ഇങ്ങനെ ഒരു ആശുപത്രി സ്ഥാപിച്ച് സഭയിലെ ഒരു കോൺവൻറിൻെറ ചുമതലയിൽ അതു് നടത്തുന്നതിന് വിട്ടുകൊടുത്ത ചെമ്മണ്ണൂർ ശ്രീ. സി. പി. ഇയാക്കു അഭിനന്ദനാർഹനാണ്. ഇതുപോലെ സൗകര്യമുള്ള ആളുകൾ പരോപകാരപ്രദവും ജീവകാരുണ്യപ്രദവുമായ കാര്യങ്ങൾ മി. ഇയാക്കുവിനെ മാതൃകയാക്കി ചെയ്യുന്നതു് ദൈവത്തിനും മനുഷ്യർക്കും ഒന്നുപോലെ സന്തോഷപ്രദമായിരിക്കുമെന്നതിന് സംശയമില്ല.

—പത്രാധിപർ

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്


ബാബു, മണി, ബൈജു.


ബേബി, ബീന.



എൻ. വി. ജോൺ.



ഒരു വിശ്വാസി, പത്തനംതിട്ട.



### സ്വാഗതം

ഡിസംബർ 8–ാം തീയതി ഉദ്ഘാടനം ചെയ്ത കോട്ടപ്പടി C. D. M. ആശുപത്രി പുതുപ്പാടി സെ. പോൾസ് കോൺവെൻറിലെ സിസ്റ്റേഴ്സിൻെറ പരിപൂർണ്ണ ചുമതലയിലാണ് ഇപ്പോൾ ഭംഗിയായി നടന്നുവരുന്നതു്. പരിശീലനം ലഭിച്ച സെ. പോൾസ് കോൺവെൻറിലെ ഏതാനും സിസ്റ്റേഴ്സ് C.D.M. ആശുപത്രിയിൽ ജോലിചെയ്യുന്നതു് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വളരെയധികം സഹായകമാകുന്നുണ്ട്. ക്രിസ്തു എന്ന ഏക പുരുഷന് നിർമ്മല കന്യകളായി ഏല്പിച്ചുകൊടുത്തുകൊണ്ട് സമ്പൂർണ്ണ സമർപ്പണത്തോടും വിനയത്തോടും ത്യാഗനിഷ്ഠയോടും കൂടി സേവനമനുഷ്ഠിക്കുവാൻ ആഗ്രഹിക്കുന്ന ആരോഗ്യമുള്ളവരും ആശുപത്രി സംബന്ധമായ വിവിധ പരിശീലനം ലഭിച്ചിട്ടുള്ളവരുമായ യുവതികൾക്ക് സ്വാഗതം. താല്പര്യമുള്ളവർ എഴുതുക.

സിസ്റ്റർ സൂസന്ന, സുപ്പീരിയർ, സെ. പോൾസ് കോൺവെൻറ്, പുതുപ്പാടി, കോഴിക്കോട്–673573,

### വാർഷിക സമ്മേളനം

ചെങ്ങന്നൂർ ഭദ്രാസനത്തിലെ മർത്തമറിയം സമാജവാർഷികം ഡിസംബർ മാസം 13–ാം തീയതി ഞായറാഴ്ച മാത്യൂസ് മാർ ബന്നബാസ്, ഫീലിപ്പോസ് മാർ യൗസേബിയോസ് എന്നീ തിരുമേനിമാരുടെ നേതൃത്വത്തിൽ പിരളശ്ശേരി സിംഹാസന പള്ളിയിൽവച്ച് നടത്തി. രാവിലെ അഭിവന്ദ്യ ബന്നബാസ് തിരുമേനി വി. കബ്ബാന അർപ്പിച്ചു. കർബ്ബാനയ്ക്കുശേഷം ഡീക്കൻ എം. സി, ചെറിയാൻ 'ക്രിസ്തീയ മാതാവു' എന്ന വിഷയം ആസ്പദമാക്കി ക്ലാസ്സ് എടുത്തു. ഉച്ചയ്ക്ക് നടന്ന പൊതുസമ്മേളനത്തിൽ ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷനായിരുന്നു. വികാരി ഫാ. ജോൺ ദാനിയേൽ സ്വാഗതപ്രസംഗം നടത്തി. ഭദ്രാസന സെക്രട്ടറി കുഞ്ഞുഞ്ഞമ്മ മാമ്മൻ റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ചു. ക്യാപ്റ്റൻ പി. സി. മാത്യു, ബർന്നബാസ് തിരുമേനി എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി കൃതജ്ഞത പ്രകാശിപ്പിച്ചു.

നസ്സുകൊണ്ടു് നിർവ്വഹിച്ചു. തുടർന്നു നടന്ന പൊതു സമ്മേളനത്തിൽ ഭദ്രാസന സെക്രട്ടറി ഫാ. തോമസ് തേക്കിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. കെ. ഗീവറു ഗീസ്, പ്രൊ. പി. ഓ. ജോൺ, ഡി. വിശ്വംഭരൻ ജേക്കബ് തോമസ് എന്നിവർ പ്രസംഗിച്ചു.

### മി. ജയിംസ്



മലങ്കര സഭാ മാസികയുടെ തുമ്പമൺ ഭദ്രാസനത്തിലെ പ്രതിനിധിയായി നിയമിതനായ മി. ജയിംസ് ഓമല്ലൂർ.

വിദ്യാർത്ഥി പ്രസ്ഥാനത്തിലെ ഒരു സജീവ പ്രവർത്തകനായ ജയിംസ് ഒരു കാഥികൻ കൂടെയാണ്.

### ജൂബിലി ആഘോഷിച്ചു.

മീനടം സെ. ജോൺസ് പള്ളിയുടെ ശതാബ്ദിയും ജൂബിലിയും വികാരി ഫാ. കുറിയാക്കോസ് പാറയ്ക്കലിന്റെ പൗരോഹിത്യ കനകജൂബിലിയും മീനടം പള്ളിയിൽ വിവിധ പരിപാടികളോടുകൂടി ഡിസംബർ 20 മുതൽ 27 വരെ ആഘോഷിച്ചു.

എല്ലാ ദിവസവും വൈകിട്ടു് സുവിശേഷ പ്രസംഗം ഉണ്ടായിരുന്നു. 27–ാം തീയതി രാവിലെ വികാരി ഫാ. കുറിയാക്കോസ് പാറയ്ക്കലിന് പ. ബാവാ തിരുമേനി കോറെപ്പിസ്ക്കോപ്പാസ്ഥാനം നൽകി. അന്നേദിവസം തന്നെ ജൂബിലി സ്മാരകമന്ദിരത്തിന്റെ കൂദാശയും ഫാ. കുറിയാക്കോസ് പാറയ്ക്കലിന്റെ എണ്ണച്ഛായ ചിത്രനാച്ഛാദനവും നിർവ്വഹിക്കപ്പെട്ടു. തുടർന്നു ചേർന്ന പൊതു സമ്മേളനത്തിൽ പ. ബാവാ ആദ്ധ്യക്ഷം വഹിച്ചു. ബിഷപ്പ് എം. സി. മാണി, റവ. ഡോ. റ്റി. ജെ. തോമസ് ഫാ. ജേക്കബ് തെക്കേപറമ്പിൽ, കോട്ടയം ജില്ലാ കളക്ടർ ചിസ്സി ജേക്കബ്, പ്രൊ. എം. പി. മന്മഥൻ ഉമ്മൻ ചാണ്ടി എം. എൽ. എ. സഭാ സെക്രട്ടറി പോത്തൻ മത്തായി എന്നിവർ പ്രസംഗിച്ചു.

മീനടത്തു് 1087–ാം മാണ്ടു് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കല്പന പ്രകാരം ചെറിയമഠത്തിൽ വലിയ യാക്കോബ് കത്തനാർ ആരംഭിച്ച ഒരു താൽക്കാലിക ദേവാലയമാണ് ഇന്ന് മനോഹരമായ ഒരു വലിയ പള്ളിയായി ഉയർന്നിരിക്കുന്നതു്. ഇപ്പോഴത്തെ വികാരി പാറയ്ക്കൽ കുറിയാക്കോസ് കോറെപ്പിസ്കോപ്പാ ആണ്.

### പത്രാധിപർക്കുള്ള കത്തു്.

മലങ്കര സഭാ മാസികയ്ക്കുവേണ്ടി മാസാരംഭത്തിൽ തന്നെ ഞാൻ കാത്തിരിക്കാറുണ്ടു്. മാസികയിലെ ധ്യാനപീഠം മാർത്തോമ്മാ സഭയുടെ അവകാശവാദങ്ങൾ, മലങ്കര നസ്രാണികളും ജാതിതലവന്മാരും തുടങ്ങിയ പംക്തികൾ അതീവ ശ്രദ്ധേയമത്രേ. കൂടാതെ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ ചോദ്യോത്തരവും വളരെയധികം പ്രയോജനകരമത്രേ.

മാസികയുടെ പ്രവർത്തനങ്ങൾക്കു് സർവ്വവിധമായ ആശംസകളും അർപ്പിക്കുന്നു.

കെ. സി. രാജു, കാരയ്ക്കാട്ടു്
680031 തൃശൂർ

### ബിനോയ് എം. ജോർജ്ജ്



ദക്ഷിണ മേഖലയിൽ അടൂർ ഹൈസ്കൂളിൽ വച്ചു നടന്ന സണ്ടേസ്കൂൾ പാഠ്യേതര മത്സരങ്ങളിൽ സീനിയർ വിഭാഗം സിംഗിൾ സോംഗിന് ഒന്നാം സമ്മാനാർഹനായ സെ. ജോർജ്ജ് ഏറം സണ്ടേസ്കൂൾ വിദ്യാർത്ഥി ബിനോയ് എം. ജോർജ്ജ്.

# ബൈബിൾ പഠനം

## ഡീ. എം. സി. ചെറിയാൻ

**പാഠം 59**

**എബ്രായർ**

വിജയിയുടെ പേരും വിലാസവും

പേരു്. റേച്ചൽ ചാക്കോ
വിലാസം. നെല്ലിക്കപ്പള്ളിൽ
ആനിക്കാട്ടു് പി. ഓ., മല്ലപ്പള്ളി
ഭദ്രാസനം: നിരണം
രജി. നമ്പർ. 4427

**പാഠം 60**

**യാക്കോബ്**

വിജയിയുടെ പേരും വിലാസവും

പേരു്. പൊന്നമ്മ
വിലാസം. 3/3 N. J. O. H Staff Qtr.
Meghani Nagar. Ahmedabad
ഭദ്രാസനം. ബോംബെ.
രജി. നമ്പർ. 4548

### പാഠം 60 യാക്കോബ് (ഉത്തരം)

1. 12 (1:1)
2. 15 (1:2, 16, 19, 2:1, 5, 14, 3:1,10, 12, 4:11, 5:7,9,10,12,19)
3. 7 (1:2,12,13,13,13,13,14)
4. 4 (5:7,7,8,10)
5. 42 (5:17)
6. 5 (അബ്രഹാം, യിസ്ഹാക്ക്, രാഹാബ്, യോബ്, ഏലിയാവ് 2:21,22,25, 5:11,17
7. 3 (1:27)
8. 3 (2:6,7)
9. 4 (3:7) മൃഗം, പക്ഷി, ഇഴജാതി, ജലജന്തു
10. 108
11. 60

### ശരിയായ ഉത്തരം അയച്ചുതന്നവർ

1. സഖറിയാ, പനയ്ക്കാമററം.
2. എൽസി തോമസ്, ഖരഗ്പൂർ.
3. റ്റി. ജെ. സ്കറിയാ, തുമ്പമൺ.
4. പൊന്നമ്മ തോമസ്, അഹമ്മദാബാദ്.

---

5. മറിയാമ്മ തോമസ്, ഭോപ്പാൽ.
6. മേഴ്സി ചെറിയാൻ, റെണുക്കൂട്.
7. കുഞ്ഞമ്മ ബേബി, കൈപ്പട്ടൂർ.
8. മാത്യു വറുഗീസ്, സീതത്തോട്.
9. ലതാ മേരി വറുഗീസ്, തെള്ളിയൂർ.
10. ബേബി സി. പാറേത്തു്, കൈപ്പട്ടൂർ.
11. മിനി എം. ഏബ്രഹാം, മലയാലപ്പുഴ.
12. ശോശാമ്മ തോമസ്, മെഴുവേലി.
13. ലിസി ജോൺ, മററം.
14. റേ മാത്യു, കടമ്മനിട്ട.
15. രാജു മാത്യു, ഓദർ.
16. പൗലോസ് വി. എം. അഞ്ചുകുന്നു്.
17. എം. വി. പൗലോസ്, ചെല്ലങ്കോട്.
18. റിനി അലക്സ്, കവിയൂർ.
19. അമ്മിണി പി. ഡി. കുന്നംകുളം.
20. പി. സി. ചെറിയാൻ, ദുർഗ്ഗ്.
21. പുഷ്പാ ജോർജ്, കോയിപ്രം.
22. സാറാമ്മ തോമസ്, മലാട്.
23. ജോർഡി വി. ജി. പാത്രർ.
24. റേച്ചൽ ചാക്കോ, ആനിക്കാട്.
25. ബെനു ആനി ഐപ്പ്, നിരണം.
26. മറിയാമ്മ ജോർജ്, കരിപ്പുഴ.
27. മിസ്സ് സ് ജോർജ് മുതലാളി, കൊച്ചി.
28. ബി. സഖറിയാ, ഭോപ്പാൽ.
29. മിനി കെ. കെ. കുന്നംകുളം.
30. മേഴ്സി ജോഷി, കല്ലിശ്ശേരി.
31. മോളി മാത്യു, നാരങ്ങാനം.
32. ദീനാമ്മ റ്റി. വൈ. വാകത്താനം.
33. പി. റ്റി. കുര്യൻ, പാററ്നാ
34. റജ്ജലിയാമ്മ ഐസക്ക്, പുത്തൂർ.
35. ലോഫ്സൻ, കുന്നംകുളം.
36. സാറാമ്മ കുറിയാക്കോസ്, കല്ലിശ്ശേരി.

# 'മലങ്കരസഭ'യുടെ ആയുഷ്ക്കാലവരിക്കാർ (തുടർച്ച)

ഡോ. എം. റ്റി. വറുഗീസ്, വാകത്താനം
ശ്രീ. എം. ജി. ജോർജ്, ആറാട്ടുപുഴ
,, മാത്യൂസ് ഈപ്പൻ ,,
,, അലക്സ് തോമസ്, അടൂർ
,, എം. മാത്യു, മുത്തൂററ്, കോഴഞ്ചേരി
,, ബേബി അലക്സ്, കോട്ടയം
പ്രൊഫ. ടൈററസ് വർക്കി, കോട്ടയം
,, അലക്സാണ്ടർ കാരയ്ക്കൽ
ശ്രീ. വറുഗീസ് ആൻവർ, കോട്ടയം
,, Z. T. സഖറിയാ, കോളയം
,, ഏബ്രഹാം ജോർജ്, നെടുമ്പ്രം
,, വറുഗീസ് ഈപ്പൻ, മദ്രാസ്
,, ടി. കെ. വറുഗീസ്, പുത്തൻകാവ്
ശ്രീ. കെ. സി. ജോർജ്, താഴത്തങ്ങാടി
,, കെ. യു. ഐപ്പ്, പുത്തനങ്ങാടി
,, പുത്തൂക്കാരൻ ആൻറണി ഡേവി U. S. A.
,, ജോർജ് മാത്യു, U. S. A.
ഡോ. എം. ഐ. ആൻഡ്രൂസ്, പുതുപ്പള്ളി
ഡോ. കെ. സി. ചാക്കോ, പരുമല
ശ്രീ. കെ. ഈ. മത്തായി, വെട്ടൂർ
ഡോ. മിസിസ്സ് ചിന്നമ്മ മത്തായി, പരുമല
ശ്രീ. എ. എ. ഫിലിപ്പ്, മദ്രാസ്
,, എം. സി. വറുഗീസ് ,,
,, മാമ്മൻ വർഗീസ്, മട്ടമ്പലം
,, മാത്യു ദാനിയേൽ, പുതിയകാവ്

(തുടരും)

## പാഠം 63

### യോഹന്നാൻ എഴുതിയ 1-ാം ലേഖനം

1. യോഹന്നാൻെറ പേരിൽ എത്ര പുസ്തകങ്ങൾ പുതിയനിയമത്തിലുണ്ട്.

2. കൂട്ടായ്മ എന്ന പദം എത്ര പ്രാവശ്യം.

3. നിങ്ങൾക്ക് എഴുതുന്നു. എഴുതുന്നത്. എഴുതിയിരിക്കുന്നു ഇവ എത്ര പ്രാവശ്യം.

4. ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽനിന്നല്ല. പിതാവിൽനിന്നല്ലാത്ത എത്ര കാര്യങ്ങൾ.

5. എതിർ ക്രിസ്തു എന്ന പദം എത്ര പ്രാവശ്യം.

6. കുഞ്ഞുങ്ങളേ എത്ര പ്രാവശ്യം.

7. സാക്ഷ്യം പറയുന്നവർ എത്ര.

8. പുസ്തകത്തിൽ ആകെ വാക്യങ്ങൾ.

9. പ്രിയമുള്ളവരെ എന്ന പദം എത്ര പ്രാവശ്യം.

10. ജീവൻെറ വചനം സംബന്ധിച്ച് എത്ര വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു.

11. ചോദ്യം 3-ൽനിന്ന് ചോദ്യം 2 കുറയ്ക്കുക. അതിനെ ചോദ്യം 4 കൊണ്ട് ഹരിക്കുക. അതിൽനിന്ന് ചോദ്യം 5 കുറയ്ക്കുക. അതിനെ ചോദ്യം 6 കൊണ്ട് ഹരിക്കുക. വീണ്ടും ചോദ്യം 1 കൊണ്ട് ഗുണിക്കുക. വീണ്ടും ചോദ്യം 4 കൊണ്ട് ഗുണിക്കുക. അതിനോട് ചോദ്യം 10 കൂട്ടുക. വീണ്ടും ചോദ്യം 9 കുറയ്ക്കുക. വീണ്ടും ചോദ്യം 7 കൂട്ടുക. നിങ്ങളുടെ ഉത്തരം എത്ര.

പാഠം 59, 60 എന്നിവയുടെ സമ്മാനാർഹരുടെ പേരും പാഠം 60-ലെ വിജയികളുടെ പേരും ചേർത്തിരിക്കുന്നു. അടുത്ത ഒന്നു രണ്ടു പാഠങ്ങളോടുകൂടി ബൈബിളിൽനിന്നുള്ള ചോദ്യരീതി അവസാനിക്കും. നോമ്പ്, പ്രാർത്ഥന മുതലായവയിൽനിന്നുള്ള ഒന്നു രണ്ടു പാഠങ്ങളോടുകൂടി സംഖ്യയുമായി ബന്ധപ്പെട്ട ബൈബിൾപഠനം അവസാനിക്കും. പലരുടേയും നിർബന്ധപ്രകാരം 'ബൈബിൾ സമ്പർക്ക പദ്ധതി' എന്ന പുതിയ ഒരു പഠനരീതി തുടർന്ന് ആരംഭിക്കാമെന്നു കരുതുന്നു. ഉത്തരം അയക്കുന്ന എല്ലാവർക്കും അയയ്ക്കാതെ പഠനവുമായി ബന്ധപ്പെട്ടുന്നവർക്കും പുതുവത്സരാംശംസകൾ.

നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ ഫിലേമോൻെറ മറുപടിയുടെ സമയം മാർച്ച് 31 വരെ നീട്ടിയിരിക്കുകയാണ്. ഫിലേമോൻെറ ലേഖനം ലായിച്ചിട്ട് അതിനു തക്ക ഒരു മറുപടി തയ്യാറാക്കി അയയ്ക്കുക. മാർച്ച 31-നോടുകൂടി ഈ അവസരം അവസാനിക്കും. ബൈബിൾപഠനം അയയ്ക്കുന്ന വിലാസത്തിൽതന്നെ ഈ ഉത്തരവും അയയ്ക്കുക.

ഉത്തരം ബൈബിൾപഠനം പാഠം 63 C/o Dn. M. C. Cherian Orthodox Student Centre Trivandrum-1 എന്ന വിലാസത്തിൽ അടുത്ത മാസം 15-നു മുൻപ് അയയ്ക്കുക.



## വൈദികചരമം.



കീക്കൊഴൂർ ചരിവുകാലായിൽ റവ. ഫാ. സി. സി. ഗീവർഗീസ് (60) ജനുവരി 13-ാം തീയതി നിര്യാതനായി. ശവസംസ്ക്കാരം 16-ാം തീയതി കീക്കൊഴൂർ സെ. പീറേറഴ്സ് & സെ. പോൾസ് പള്ളിയോടു ചേർന്നു തയ്യാറാക്കിയ കല്ലറയിൽ പ. കാതോലിക്കാബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നടത്തി. ദാനിയേൽ മാർ പീലക്സിനോസ്, മാത്യൂസ് മാർ കൂറിലോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ജോസഫ് മാർ പക്കോമിയോസ്, ഗീവർഗീസ് മാർ ദീയസ്ക്കോറോസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ്, പീലിപ്പോസ് മാർ യൗസേബിയോസ് എന്നീ മെത്രാപ്പോലീത്തന്മാരും കോറെപ്പിസ്ക്കോപ്പന്മാർ, റമ്പാന്മാർ, പട്ടക്കാർ, ശെമ്മാശ്ശന്മാർ തുടങ്ങിയ അനേകം വൈദികശ്രേഷ്ഠരും ശവസംസ്കാര ശുശ്രൂഷയിൽ സഹകരിച്ചു. വലിയ ഒരു ജനക്കൂട്ടം ബ. അച്ചൻെറ ഭവനത്തിലും തുടർന്നുള്ള നഗരി കാണിക്കലിലും ശവസംസ്ക്കാര ശുശ്രൂഷയിലും സംബന്ധിച്ചു.

ബോംബെയിലെ മനോഹരമായ ദാദർ സെ. മേരീസ് പള്ളി ബ. അച്ചൻ അവിടെ വികാരിയായിരുന്ന സമയത്താണ് പണികഴിപ്പിച്ചതു്. പള്ളിപണിയിലും മററും അദ്ദേഹം അനുഷ്ഠിച്ച നിസ്വാർത്ഥമായ സേവനത്തിൻെറ വെളിച്ചത്തിൽ പള്ളി കൂദാശയെ തുടർന്ന് പ. ബാവാ തിരുമേനി അച്ചനു് കോറെപ്പിസ്ക്കോപ്പാ സ്ഥാനം നൽകി. പള്ളിപണി പൂർത്തിയായ ശേഷം ഇദ്ദേഹം നാട്ടിൽ വന്ന് വിശ്രമിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ വേർപാട് ആകസ്മികമായിരുന്നു.

ബ. ഗീവർഗീസ് അച്ചൻ ദീർഘനാൾ നിരണം ഭദ്രാസന സെക്രട്ടറിയായും കട്ടപ്പുറം, ഡൽഹി, ബഹറിൻ, ബോംബെ മുതലായ പള്ളികളിൽ വികാരിയായും ബോംബെ ഭദ്രാസന സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## നിര്യാതനായി



നിരണം ഭദ്രാസന സുവിശേഷകനായി ദീർഘനാൾ സേവനം അനുഷ്ഠിച്ചു വന്ന തിരുവൻവണ്ടൂർ മാമ്മൂട്ടിൽ പി. ഐ. വർഗീസ് (കുഞ്ഞച്ചൻ ഉപദേശി) ജനുവരി 18-ാം തീയതി നിര്യാതനായി. ശവസംസ്കാരം 20-ാം തീയതി തിരുവൻവണ്ടൂർ പള്ളി സെമിത്തേരിയിൽ നടത്തി. ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പരേതൻെറ ഭവനത്തിൽ എത്തി പ്രാർത്ഥന നടത്തി. ശവസംസ്കാരത്തിൽ കോറെപ്പിസ്കോപ്പാമാർ, റമ്പാന്മാർ തുടങ്ങി അനേകം വൈദികരും വലിയ ഒരു ജനക്കൂട്ടവും സംബന്ധിച്ചു.

ഫാ. ഗീവർഗീസ് പണിക്കർ പരേതൻെറ ഭവനത്തിൽവച്ചും ഫാ. കെ. വി. തോമസ്, ഫാ. റ്റി. ജി. സഖറിയാ എന്നിവർ പള്ളിയിൽവച്ചും ചരമ പ്രസംഗം നടത്തി.

മി. വർഗീസിൻെറ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിന് ഫെബ്രുവരി 8-ാം തീയതി മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുസമ്മേളനം പള്ളിയിൽ വച്ചുകൂടുകയുണ്ടായി.

## തറക്കല്ലിട്ടു.

ഇടുക്കി ഭദ്രാസനത്തിൽപ്പെട്ട ആനവിലാസം എന്ന സ്ഥലത്തും പരിസരങ്ങളിലുമായി മുപ്പതോളം ഓർത്തഡോക്സ് കുടുംബങ്ങൾ എസ്റ്റേററുകളിലെ

തൊഴിലാളികളും മററുമായി ജോലി ചെയ്യുന്നു. സമീപത്തു് ഒരു ഓർത്തഡോക്സ് ദേവാലയം ഇല്ലാത്തതു കാരണം ആത്മീയ ആവശ്യങ്ങൾക്കായി മററു സഭകളെ ആശ്രയിച്ചിരുന്നു.

ഇടുക്കി ഭദ്രാസനത്തിൻെറ അഭിവന്ദ്യനായ മാത്യൂസ് മാർ ബർന്നബാസ് തിരുമേനി മുൻകൈ എടുത്തതിൻെറ ഫലമായി ഒരു താല്ക്കാലിക ഹാളിൽ മാസംതോറും ഒരു പ്രാവശ്യം വി. കുർബ്ബാന ചൊല്ലാൻ ഇടയായി. പ. കാതോലിക്കാബാവാ തിരുമനസ്സിലെ പേർക്കു് ഒരു പള്ളി പണിയുന്നതിനാവശ്യമായ സ്ഥലവും വാങ്ങി. അവിടെ ഒരു കാതോലിക്കേററു സെൻറർ പണിയുന്നതിനുവേണ്ടി 1988 ജനുവരി മാസം 17–ാം തീയതി വി. കുർബ്ബാനയ്ക്കുശേഷം അഭിവന്ദ്യ ബർന്നബാസ് തിരുമേനി തറക്കല്ലിട്ടിരിക്കുന്നു.

അംഗങ്ങൾ സാമ്പത്തിക ശേഷി കുറവുള്ളവരാകയാൽ എല്ലാവരുടെയും സഹായം പ്രതീക്ഷിക്കുന്നു.

ഇവിടത്തെ വികാരിയായി ഫാ. പി. വി. വറുഗീസ് നിയമിതനായി.

## കശ്ശീശാപട്ടം നൽകി.

ഓണക്കൂർ വാളനടിയിൽ ഡീക്കൻ ജോർജ് പൗലൂസിനു് ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ സഹകരണത്തോടു കൂടി ഓണക്കൂർ സെ. മേരീസ് പള്ളിയിൽ വച്ചു് കശ്ശീശാപട്ടം നൽകി. ഫാ. പൗലൂസ് ഡൽഹി ഭദ്രാസന കേന്ദ്രത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ടു്.

## കല്ലൂപാറ സിറിയൻ കൺവൻഷൻ 45–ാമത് സമ്മേളനം 1988 ഫെബ്രുവരി 21 മുതൽ 28 വരെ.

21–നു ഞായറാഴ്ച നാലുമണിക്കു് സന്ദേശസ്സൂരം റാലിയോടുകൂടി പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു് കൺവൻഷൻ ഉത്ഘാടനം ചെയ്യുന്നതാണ്. ഉത്ഘാടന സമ്മേളനത്തിൽ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനി, സി. എ മാത്യു. ററി. എസ്. ജോൺ, മുതലായവർ പ്രസംഗിക്കും. തുടർന്നുള്ള യോഗങ്ങളിൽ മാത്യൂസ് മാർ കൂറിലോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ തീമോത്തിയോസ് എന്നീ തിരുമേനിമാരും ഗ്രീസലെ അലക്സന്ത്രിയോസ് പപ്പാടിയോസ് ഫാ. മാത്യു വൈദ്യൻ, പ്രൊ. ഡി. മാത്യൂസ്, പ്രൊഫ. വർഗീസ് പടയറ, ഫാ. ഒ. തോമസ്, ഫാ. കുറിയാക്കോസ് പാറയ്ക്കൽ കോറെപ്പിസ്കോപ്പാ, ഫാ. ജിജി ദാനിയേൽ, ഫാ. വർഗീസ് ജോൺ എന്നിവരും പ്രസംഗിക്കുന്നതാണ്.

## ചാപ്പൽ കൂദാശ.

ദേവലോകം അരമന കെട്ടിടത്തിലുള്ള പ. കാതോലിക്കാബാവാ തിരുമനസ്സിലെ പ്രൈവററ് ചാപ്പലിൻെറ കൂദാശ പരിശുദ്ധ ബർസൗമാ സഹദായുടെ പെരുനാൾ ദിനത്തിൽ (ഫെബ്രു. 2, 3) ബാവാ തിരുമനസ്സിലെ നേതൃത്വത്തിൽ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. ശുശ്രൂഷകളിൽ മാത്യൂസ് മാർ എപ്പിപ്പാനിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാർ സഹകാർമ്മികത്വം വഹിച്ചു. 2–ാം തീയതി സന്ധ്യാനമസ്ക്കാരത്തെ തുടർന്നു് ത്രോണോസിൻെറ ശിലാസ്ഥാപനവും കൂദാശയുടെ ആദ്യഭാഗവും നടത്തി. 3–ാം തീയതി കൂദാശയെ തുടർന്നു് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ വി. കുർബാന അർപ്പിച്ചു.

പരിശുദ്ധന്മാരായ മാർ ബസ്സേലിയോസ്, മാർ ബർസൗമാ എന്നിവരുടെ നാമത്തിലാണ് ചാപ്പൽ.

## കല്ലിട്ടു പണി ആരംഭിച്ചു.

ദേവലോകം അരമനയുടെ സമീപത്തു് മസ്കററ് ഇടവകയുടെ വകയായി പണിയാൻ ഉദ്ദേശിക്കുന്ന ഹാളിൻെറ കല്ലിടീൽ ഡിസംബർ 8–ാം തീയതി പ. ഔഗേൻ ബാവായുടെ പെരുനാൾ ദിവസം പ: കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു് നിർവഹിച്ചു.

## എപ്പിസ്ക്കോപ്പൽ സുന്നഹദോസ്.

മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസിൻെറ ഫെബ്രുവരി സമ്മേളനം ഫെ: 15–ാം തീയതി 20–ാം തീയതി വരെ കോട്ടയം സോഫിയാ സെൻറർ ചാപ്പലിൽ വച്ചു് നടത്തുന്നതാണ്.

MATRIMONIAL

James 28/180 fair and handsome, electrical incharge Saudi Arabia, expecting leave shortly, seek alliance from parents of employed girls of Orthodox Syrian X'ian, preferably Bombay based.

Box No. 138
C/o Malankara Sabha
Kottayam-686 038



## ഡോ. പി. സി. അലക്സാണ്ടർ മദ്രാസ് ഗവർണർ



ബ്രിട്ടനിലെ ഇൻഡ്യൻ ഹൈക്കമ്മീഷ്ണറായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന ഡോ. പി. സി. അലക്സാണ്ടർ മദ്രാസ് ഗവർണറായി നിയമിക്കപ്പെട്ടു. ഇദ്ദേഹം ഫെബ്രുവരി 17–ാം തീയതി പുതിയ ചുമതല ഏറെറടുക്കും.

മലങ്കരസഭാമാസികയുടെ ഒരു ആയുഷ്ക്കാല മെമ്പറും ഒരു ഉത്തമ ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനിയുമായ ഡോ. അലക്സാണ്ടർക്കു് 'മലങ്കരസഭ'യുടെ പ്രാർത്ഥനാ പൂർവ്വമായ അഭിനന്ദനങ്ങൾ,

## പി. എൻ. നൈനാനു യാത്രയയപ്പ്

നാല്പത്തിആറു വർഷങ്ങൾ തുടർച്ചയായി സഭാ കേന്ദ്രത്തിൽ ഡെപ്യൂട്ടി സെക്രട്ടറിയായി സേവനമനുഷ്ഠിച്ച ശ്രീ. പി. എൻ. നൈനാൻ വാർദ്ധ്യകം മൂലം തൽസ്ഥാനത്തുനിന്നും വിരമിച്ചതിനെ തുടർന്നു് അദ്ദേഹത്തിൻെറ ബഹുമാനാർത്ഥം ദേവലോകം അരമനയിൽ വച്ചു് ഒരു ലഞ്ച് സൽക്കാരവും യാത്രയയപ്പും പ. ബാവാ തിരുമനസ്സുകൊണ്ടു് നടത്തി.

സൽക്കാരത്തെത്തുടന്നു് ചേർന്ന സമ്മേളനത്തിൽ പ. ബാവാ ആദ്ധ്യക്ഷം വഹിച്ചു. പക്കോമിയോസ് മെത്രാപ്പോലീത്താ, വൈദീക ട്രസ്റ്റി ഫാ. മത്തായി നൂറനാൽ, സി. വി. ജോർജ് കോറെപ്പിസ്കോപ്പാ, അത്മായ ട്രസ്റ്റി പി. സി. ഏബ്രഹാം, സെക്രട്ടറി പോൾ മത്തായി, അഡ്വ. എം. ഏബ്രഹാം എന്നിവർ നൈനാൻ സാറിൻെറ വിലപ്പെട്ട സേവനത്തെപ്പററി പറഞ്ഞു.

## മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ.

ഭക്തിനിർഭരമായ നാദങ്ങളാൽ തിരുവിതാംകൂറിൻെറ മക്കളെ കോരിത്തരിപ്പിച്ചു് വിശ്വാസപരമായ പഠിപ്പിക്കലുകളിലൂടെ മലങ്കരയുടെ മക്കളെ പ്രബുദ്ധരായിത്തീർന്ന മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ ഈ വർഷവും മലങ്കരയുടെ പരമാദ്ധ്യക്ഷൻ പ. കാതോലിക്കാബാവായുടെയും അഭിവന്ദ്യ തിരുമേനിമാരുടെയും സാന്നിദ്ധ്യത്തിൽ ജനുവരി 24 മുതൽ 27 വരെ തീയതികളിൽ സമുചിതം നടന്നു.

ഭക്തിസാന്ദ്രമായ കൺവൻഷൻ റാലിയും പ. ബാവാ തിരുമേനി പങ്കെടുത്ത സമൂഹപ്രാർത്ഥനയും ഗായക സംഘം ആലപിച്ച ഗാനങ്ങളും സമുന്നതരായ പ്രാസംഗികർ നയിച്ച സുവിശേഷ യോഗങ്ങളും ഈ വർഷത്തെ പരിപാടികളുടെ ഭാഗമായിരുന്നു. 4 ദിവസം നീണ്ടുനിന്ന പരിപാടികളിൽ പതിനായിരങ്ങൾ പങ്കുകൊണ്ടു നിർവൃതിയടഞ്ഞു.

ആഴിയിൽ തിരമാലകൾ ഉയർന്നു് കപ്പലിനെ മുക്കുന്ന സാഹചര്യത്തിൽ നാം നോമ്പാലും പ്രാർത്ഥനയാലും പ്രതികൂല സാഹചര്യങ്ങളെ നേരിടുകയും വിശുദ്ധ ജീവിതം നയിച്ചു് സഭയെ വരും കാലഘട്ടത്തിൽ നയിക്കാൻ പ്രാപ്തിയുള്ളവരും ആയിത്തീരണമെന്നു് പ. ബാവാ തിരുമേനി തൻെറ പ്രസംഗത്തിലൂടെ ഓർമ്മിപ്പിച്ചു. കഴിഞ്ഞകാല വെല്ലുവിളികളെ ധൈര്യസമേതം നേരിട്ട പ. പിതാക്കന്മാരുടെ ചുവടുകളെ പിന്തുടർന്നു് 21–ാം നൂററാണ്ടിലെ സഭയുടെ ചുക്കാൻ പിടിക്കേണ്ട കരങ്ങൾ കരുത്തും, ചൈതന്യവും ആർജ്ജിച്ചു് മുന്നോട്ടു വരേണ്ടതു് കാലഘട്ടത്തിൻെറ ആവശ്യമാണെന്നും അദ്ദേഹം സഭമക്കളെ ഓർമ്മിപ്പിച്ചു.

അടിസ്ഥാനപരമായ ഒരു മാററം നമ്മുടെ വ്യവസ്ഥിതിക്കു് ഉണ്ടാകണമെന്നും ദരിദ്രന്മാർ ഇല്ലാത്ത ഒരു സമൂഹത്തെ ലക്ഷ്യമാക്കിയാണ് സഭ പ്രവർത്തിക്കേണ്ടതെന്നും അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഓർമ്മിപ്പിച്ചു. ദരിദ്രന്മാരെ തീററിപ്പോറേണ്ട സമ്പന്ന രാഷ്ട്രങ്ങൾ ആയുധങ്ങൾക്കു വേണ്ടി ചെലവാക്കുന്ന പണം സാമൂഹ്യനീതിയെ അപകടത്തിലാക്കിയിരിക്കുന്നതായി അദ്ദേഹം പ്രസ്താവിച്ചു.

അർത്ഥവത്തായി ജീവിക്കുന്ന ഒരു സമൂഹം നോമ്പിലൂടെ ശക്തി പ്രാപിക്കണമെന്നും ആ ശക്തി മനുഷ്യനന്മയ്ക്കും ദൈവനാമ മഹത്വീകരണത്തിനുമായി ചെലവിടണമെന്നും ഫീലിപ്പോസ് മാർ

യൗസേബിയോസ് മെത്രാപ്പോലീത്താ സഭാ മക്കളോട് ഉപദേശിച്ചു.

നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ്, ദാനിയേൽ മാർ പീലക്സിനോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, പീലിപ്പോസ് മാർ യൗസേബിയോസ് എന്നീ മെത്രാപ്പോലീത്താമാരും സംബന്ധിച്ചിരുന്നു. ഫാ. മാത്യു വൈദ്യൻ, ഫാ. പി. എൻ. പോാം, ഫാ. ജോൺ ശങ്കരത്തിൽ, ഫാ. അലക്സാണ്ടർ ജോർജ്, റവ. ഡോ. എം. എ. മത്തായി, ഫാ. ജോസഫ് ശമുവേൽ, ഫാ. കര്യൻ ഡാനിയേൽ, പ്രൊ. കെ. സി. മാണി എന്നിവരും വിവിധ യോഗങ്ങളിൽ ക്ലാസ്സുകൾ നയിച്ചു.

(ജെയിംസ്, ഓമല്ലൂർ)

## നിലയ്ക്കൽ സഭൈക്യസമ്മേളനം.

നിലയ്ക്കൽ സെ. തോമസ് എക്യുമിനിക്കൽ ദേവാലയത്തോടനുബന്ധിച്ച് നടത്തപ്പെട്ട സഭൈക്യവാരാഘോഷങ്ങൾ ജനുവരി 3–ാം തീയതി നടത്തപ്പെട്ട പൊതു സമ്മേളനത്തോടു കൂടി സമാപിച്ചു. നിലയ്ക്കൽ ദേവാലയത്തിൽ സ്ഥാപിക്കുന്നതിനുള്ള പ. തോമ്മാ ശ്ലീഹായുടെ എണ്ണച്ഛായാ ചിത്രം ആഘോഷപൂർവ്വം ശ്ലീഹാ എ. ഡി. 52–ൽ കേരളത്തിൽ ആദ്യം പാദസ്പർശം നടത്തിയ കൊടുങ്ങല്ലൂർ നിന്ന് കൊണ്ടുവന്നതു് ആയിരങ്ങൾ ചേർന്ന് സ്വീകരിച്ചു.

സമാപന ദിനത്തിൽ പ: ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ നിലയ്ക്കൽ എക്യുമിനിക്കൽ ദേവാലയത്തിൽ വി. കർബാന അർപ്പിച്ചു. തുടർന്ന് 11 മണിക്ക് വിവിധ സഭാ അദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ എക്യുമിനിക്കൽ ശുശ്രൂഷ നടത്തി. കോട്ടയം ബിഷപ്പ് മാർ കുറിയാക്കോസ് കുന്നശ്ശേരി സുവിശേഷപ്രസംഗം ചെയ്തു.

12 മണിക്ക് ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ ജോസഫ് മാർ പവ്വത്തിൽ തിരുമേനി ആദ്ധ്യക്ഷം വഹിച്ച സമ്മേളനം പ: കാതോലിക്കാ ബാവാ ഉത്ഘാടനം ചെയ്തു. ഭാരതത്തിലെ ക്രൈസ്തവർക്ക നിലയ്ക്കൽപള്ളി മുഖാന്തിരം ലഭിച്ച ഐക്യത്തിന്റെയും, സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും ദൈവിക ദർശനം നിലയ്ക്കൽ മാത്രം ഒതുക്കി നിർത്തരുതെന്ന് പ. ബാവാ അറിയിച്ചു. മാർ പവ്വത്തിൽ തിരുമേനി, ഡോ. തോമസ് ഐക്കര, എം. സി. ശമുവേൽ കോറെപ്പിസ്ക്കോപ്പാ, ജോൺ മാത്യു, റവ. ഡേവിഡ് ഗബ്രിയേൽ, റവ. വി. എസ്. ജോൺ, എം. ഡി. ജോസഫ്, റി. വി. പീലിപ്പോസ് എന്നിവരും പ്രസംഗിച്ചു. നിയുക്തകാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനി സ്വാഗതവും റവ. ഡോ. ആൻറണി നിരപ്പേൽ നന്ദിയും പറഞ്ഞു.

## ഓർമ്മപ്പെരുനാൾ.



കാലംചെയ്ത മലങ്കര സഭാ ഭാസുരൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുനാൾ ഫെബ്രു. 19, 20 തീയതികളിൽ കോട്ടയം പഴയസെമിനാരി ചാപ്പലിൽ കൊണ്ടാടും. (തിരുമനസ്സിലെ ഓർമ്മദിനം ഫെബ്രു. 23 ആണെങ്കിലും അന്ന് വലിയനോമ്പിലെ ഇടദിവസമാകയാൽ വി. കബ്ബാന അർപ്പിക്കുന്നതിനു് സാധിക്കാത്തതുകൊണ്ടാണ് പെരുനാൾ 20–ാം തീയതിയാക്കിയതു്) പെരുനാളിൽ പ. ബാവായും സുന്നഹദോസിൽ സംബന്ധിക്കുന്ന എല്ലാ തിരുമേനിമാരും സംബന്ധിക്കും പെരുനാൾ പ്രമാണിച്ച് മൂന്നു ദിവസത്തെ സുവിശേഷപ്രസംഗം സെമിനാരി ചാപ്പലിൽവച്ച് നടത്തുന്നതാണ്.

## 20–ാം ഓർമ്മപ്പെരുനാൾ.



സ്ലീബാദാസ സമൂഹ സ്ഥാപകൻ കർമ്മേൽ ദയറായിൽ കാലം ചെയ്ത പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ 20-ാം ഓർമ്മപ്പെരുനാൾ കർമ്മേൽ ദയറായിൽ ഫെബ്രു. 1, 2 തീയതികളിൽ ആഘോഷിച്ചു. ഒന്നാം തീയതി സന്ധ്യാ പ്രാർത്ഥനയെ തുടർന്ന് സുവിശേഷ പ്രസംഗവും പ്രദക്ഷിണവും നടന്നു. രണ്ടാം തീയതി പ. കാതോലിക്കാബാവാ തിരുമനസ്സിലെ സാന്നിധ്യത്തിൽ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ വി. കർബാന അർപ്പിച്ചു. സമൂഹാദ്ധ്യക്ഷൻ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായും വൈദീകരുൾപ്പെടെ വളരെയധികമാളുകളും പെരുനാൾ ചടങ്ങുകളിൽ സംബന്ധിച്ചു.


His Grace

GEEVARGHESE MAR DIOSCOROS METROPOLITAN

(Metropolitan of the Diocese of Trivandrum)

consecrates and inaugurates on 1st May 1988 at 11 a. m.






CHILDREN'S DAY-CARE & BOARDING

(English Medium)

Maruthoor, Kallayam P. O. TRIVANDRUM-5

A Family Boarding for school children from abroad doing their schooling in Trivandrum.

★ A homely atmosphere
★ Personal caring
★ Extra study rooms
★ Private tuitions
★ Periodical reports to the parents
★ Transport facilities to their schools
★ Airport services for children visiting their parents abroad

Admissions for children aged 8 years and onwards begin in May 1988

George Johnykutty M. Sc.
Director

(returned from Europe after completing 12 years of teaching service in West Germany)

Licence No. 475
11th APRIL 1946
Registered No. KL -KTM-38

# THE MALANKARA SABHA

Catholicate Office, Kottayam-686 038

FOR FAVOURS RECEIVED



JOHNEY
&
AMMUKUTTY
LESOTHO

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very. Rev. Ramban Dr. N. J. Thomas